LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: കേരളത്തിൽത്തന്നെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടിട്ടില്ല എന്നുള്ളതാണ് സത്യം. അതിനുള്ള ഒരു പദ്ധതികൂടി ബഹുമാനപ്പെട്ട മന്ത്രി ആവിഷ്ക്കരിച്ചാൽ കൊള്ളാം.

ശ്രീ. കെ. സി. വേണുഗോപാൽ: തീർച്ചയായിട്ടും അതൊക്കെത്തന്നെ ആലോചിക്കും. കേരളത്തിലെ നിയമസഭാംഗങ്ങൾക്കുവേണ്ടി നടപ്പിലാക്കാൻ ആഗ്രഹിക്കുകയാണ്. ടൂറിസത്തിന്റെ സാദ്ധ്യതകൾ കേരളം പോലുള്ള കൊച്ചു സംസ്ഥാനത്തിന് അനന്തമാണെന്ന കാര്യം മനസ്സിലാക്കിക്കൊണ്ട് ആ രംഗത്തേയ്ക്കുള്ള വിപുലമായ സാദ്ധ്യതകൾ തേടിക്കൊണ്ടുള്ള യാത്രയിൽ സുപ്രധാനമായ ഒരു നാഴികക്കല്ലാണ് ഈ നിയമം. ഇത് അംഗങ്ങൾ സൂചിപ്പിച്ചതുപോലെ എല്ലാ വിഭാഗം ആളുകളുടേയും ആശങ്കകൾ ഉൾക്കൊണ്ടുകൊണ്ട് താൽപര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ വികസനം ലക്ഷ്യംവച്ചുകൊണ്ട് ഗവണ്മെന്റിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് ആക്കം കൂട്ടുന്ന രീതിയിൽത്തന്നെ മുന്നോട്ടുകൊണ്ടുപോകാനാണ് ഗവണ്മെന്റ് ആഗ്രഹിക്കുന്നത്. അതുകൊണ്ട് ഇതിൽ പങ്കെടുത്ത എല്ലാപേർക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഇത് പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള വിനോദ സഞ്ചാര (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

(3) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ (ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു,

ശ്രീ. മത്തായി ചാക്കോ: സർ, ഞാൻ ഈ ബില്ലിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച് ചുരുക്കം ചില കാര്യങ്ങളേ പറയുന്നുള്ളൂ. അമെന്റ്മെന്റ് ബിൽ ഇതിനെത്തുടർന്ന് വരുന്നു എന്നുള്ളതുകൊണ്ട് അതാണ് പ്രധാനപ്പെട്ടത് എന്ന നിലയിൽ ചില പൊതുകാര്യങ്ങൾ അതിൽ പറയണം എന്നാണ് ഉദ്ദേശിക്കുന്നത്. ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് നടന്ന ചർച്ചയിൽ ഇന്ന് രാജ്യത്ത് ജീവിച്ചിരിക്കുന്ന സാംസ്ക്കാരിക

പ്രവർത്തകർ, പണ്ഡിതന്മാർ, ചരിത്രകാരൻമാർ ഇവരിൽ അദ്വിതീയനായി പരിഗണിക്കുന്ന ഡോക്ടർ കെ.എൻ. പണിക്കരെ വളരെ മോശമായി ചിത്രീകരിക്കുന്നതിനു വേണ്ടിയുള്ള ചില പരാമർശങ്ങൾ ഇവിടെ നടന്നു എന്നുള്ളത് വളരെ ഖേദകരമായിപ്പോയി. അത്തരം പരാമർശങ്ങൾ നടത്തിയ ആളുകളുടെ മനസ്സിന്റെ ചുരുക്കമായിട്ടേ അതിനെ കാണുന്നുള്ളു. ചുരുങ്ങിയ മനസ്സുള്ള ആളുകൾക്ക് മാത്രമേ ഈ രാജ്യവും ലോകവും എല്ലാം അംഗീകരിക്കുന്ന ഡോക്ടർ കെ. എൻ. പണിക്കരെ പോലെയുള്ള ഒരാളെ, സംസ്കൃത സർവ്വകലാശാലയ്ക്ക് മാന്യമായ ഒരു അസ്ഥിവാരം ഇടുകയും അതിന്റെ ഭരണപരവും അക്കാഡമിക്കും ആയിട്ടുള്ള മേഖലകളിൽ നിരവധി തടസ്സങ്ങൾ ഉണ്ടായിട്ടും മുന്നോട്ടു പോകുന്നതിനു വേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തുകയും ചെയ്തിട്ടുള്ള ഒരാളെ മോശമായി ചിത്രീകരിച്ചത് ശരിയായില്ലെന്ന് സൂചിപ്പിക്കുകയാണ്. ഇപ്പോൾ പുതിയതായി നിയമിച്ച വൈസ് ചാൻസലറെ സംബന്ധിച്ചുള്ള പരാമർശത്തിലേയ്ക്ക് പോകുന്നില്ല. അദ്ദേഹം കോൺഗ്രസ് മുഖപത്രത്തിലെ ജീവനക്കാരനായിരുന്നു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഡോക്ടർ കെ. എൻ. പണിക്കർ സംസ്കൃത സർവ്വകലാശാലയ്ക്കുവേണ്ടി നടത്തിയിട്ടുള്ള സേവനങ്ങളെ വിസ്മരിച്ചുകൊണ്ട് പോയ പശ്ചാത്തലം മാത്രമേ പറയാൻ ആഗ്രഹിക്കുന്നുള്ളു. ശ്രീ. കെ. രാധാകൃഷ്ണൻ ചൂണ്ടിക്കാട്ടിയ പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽനിന്നുള്ള പ്രാതിനിധ്യം അവിടത്തെ സിൻഡിക്കേറ്റിൽ ഉൾപ്പെടുത്തിയതിനെ ഞാൻ അഭിനന്ദിക്കുവാൻ ആഗ്രഹിക്കുകയാണ്. ഞങ്ങളുടെ സമയത്ത് അതില്ലായിരുന്നു, എന്നതിന്റെ അടിസ്ഥാനത്തിൽ അത് കുറേക്കൂടി നന്നായി. അത് അംഗീകരിക്കുകയാണ്. അതേസമയം ഇവിടെ ചില സ്നേഹിതൻമാർ അത് സംബന്ധിച്ച് ചില കാര്യങ്ങൾ പറഞ്ഞപ്പോൾ കോഴിക്കോട് സർവ്വകലാശാലയിൽ--ഏത് സർവ്വകലാശാലയിലായാലും ഉന്നത ഓഫീസർമാരിൽ പ്രധാനപ്പെട്ട രജിസ്ട്രാർ പോസ്റ്റിലേയ്ക്ക്, അതുപോലെ കൺട്രോളർ പോസ്റ്റിലേയ്ക്ക്--അവിടെ ഇടതുപക്ഷ സിൻഡിക്കേറ്റ് ഉണ്ടായിരുന്ന സമയത്താണ് ആദ്യമായി പ്രൊഫസർ പി. കെ. ശശിയെ കൺട്രോളറായി നിയമിച്ചത്. സംവരണ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽത്തന്നെ റൊട്ടേഷൻ സംബന്ധിച്ച തർക്കമുണ്ടായിരുന്നു. ആ തർക്കം വന്നപ്പോൾ യോഗ്യനായിട്ടുള്ള ഒരാളെ ആ സ്ഥാനത്തേയ്ക്ക്, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും ലഭ്യമാകുന്ന അവസ്ഥ, വന്നപ്പോൾ ശക്തമായ നിലപാട് എടുത്തുകൊണ്ടുതന്നെ പട്ടികജാതിയിൽപ്പെട്ട പ്രൊഫസർ പി. കെ. ശശിയെ, അവിടെ നിയമിച്ചു. നിർഭാഗ്യകരമെന്ന് പറയട്ടെ, കോൺഗ്രസിന്റെ സിൻഡിക്കേറ്റ് മെമ്പർമാർ വർഷങ്ങളോളം അദ്ദേഹത്തിന്റെ കൺഫർമേഷനെതിരായിട്ട് തടസ്സം ഉണ്ടാക്കി എന്നത് ഖേദകരമാണ്. ഇന്ന് കേരളത്തിൽ ഇംഗ്ലീഷ് സാഹിത്യത്തിൽ അസാമാന്യമായ പാടവം കാണിച്ചിട്ടുള്ള, ഇപ്പോൾ കണ്ണൂർ സർവ്വകലാശാലയിൽ യൂണിവേഴ്സിറ്റി വിഭാഗത്തിന്റെ തലവനായി പ്രവർത്തിക്കുന്ന ഇടതുപക്ഷ സിൻഡിക്കേറ്റ് ഉണ്ടായിരുന്ന സമയത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഡോക്ടർ എം. ദാസനെ പട്ടികവിഭാഗത്തിൽപ്പെട്ട ആളാണെന്ന പരിഗണന നൽകി രജിസ്ട്രാറായി അപ്പോയിന്റ് ചെയ്തു. ഈ ഗവണ്മെന്റും മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും യു.ഡി.എഫ്. സിൻഡിക്കേറ്റ് മെമ്പർമാരും ആ പോസ്റ്റിൽനിന്നും അദ്ദേഹത്തെ മാറ്റുന്നതിനുവേണ്ടി നിരന്തരം പരിശ്രമിക്കുകയും തങ്ങളുടെ ഭൂരിപക്ഷം ഉപയോഗിച്ചുകൊണ്ട് അദ്ദേഹത്തെ അവിടെനിന്നും

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞയയ്ക്കുന്ന സ്ഥിതി ഉണ്ടാക്കുകയും ചെയ്തു എന്നുള്ളത് ഇവിടെ അനുസ്മരിക്കാതിരിക്കാൻ നിർവ്വാഹമില്ല. സർവ്വകലാശാലയുടെ ഭരണപരവും അക്കാഡമിക്കുമായിട്ടുള്ള ചുമതല വഹിക്കാനുള്ള ഒരു പോസ്റ്റാണ് പ്രിൻസിപ്പൽ ഡീൻ ഓഫ് സ്റ്റഡീസെന്നുള്ളത്. അത് ഒഴിവാക്കേണ്ടതില്ല എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. അതേസമയം അഡ്വൈസറി കൗൺസിലിൽ വൈസ് ചാൻസലറെ ഉപദേശിക്കാനെന്നപോലെ സിൻഡിക്കേറ്റിനെ ഉപദേശിക്കാൻ കൗൺസിൽ എന്ന നിലയിലുള്ള ഒരു പോസ്റ്റുണ്ട്. ചീഫ് കൗൺസിലർ എന്ന ആ പോസ്റ്റ് അബോളിഷ് ചെയ്യുന്നകാര്യത്തിൽ യോജിപ്പുണ്ട്. അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ അതവിടെ വേണമെന്ന് തോന്നുന്നില്ല. സർവ്വകലാശാലാ ഭരണസമിതിയിലേയ്ക്കോ അവിടത്തെ ഫാക്കൽറ്റികളിലേയ്ക്കോ അല്ലെങ്കിൽ പഠന ഫാക്കൽറ്റികളിലോ ഒന്നും വരാത്ത, എന്നാൽ ഇന്ന് കേരളത്തിലും ഇൻഡ്യയിലും ജീവിച്ചിരിക്കുന്ന രാജ്യാന്തര പ്രശസ്തരായിട്ടുള്ള സംസ്കൃത പണ്ഡിതന്മാരെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു അഡ്വൈസറി കൗൺസിൽ ഉണ്ടാകണം. സംസ്കൃത സർവ്വകലാശാലയെ വിശാലമായ ഒരു മാനത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ഉദ്ദരംഭമികൾ അല്ലാത്ത പാർട്ടിതിരിച്ചുള്ള ആളുകളെ വയ്ക്കുന്നതിനുപകരം, ഇത്തരം നിക്ഷിപ്ത താൽപര്യത്തിനു പകരമായി ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ പ്രശസ്തരായ ആളുകളെ വച്ചുകൊണ്ടുള്ള ഒരു അഡ്വൈസറി കൗൺസിൽ അവിടെ ഉണ്ടാകുന്നതിനെ സ്വാഗതം ചെയ്യുകയാണ്. പൊതുവിൽ ഇതിപ്പോൾ ആവശ്യമുള്ള ഒരു ബില്ലാണെന്ന് ഞങ്ങൾക്ക് തോന്നുന്നില്ല. ഇത് എന്തിന് കൊണ്ടുവന്നു എന്നും അറിയില്ല. തുടർച്ച എന്ന നിലയിൽ കൊണ്ടുവന്നതായിരിക്കാം. യു.ജി.സി.-യുടെ സഹായത്തിനുവേണ്ടി ഇത്തരം ഒരു ഭേദഗതി വേണമെന്നുള്ളത് അർത്ഥശൂന്യമാണ്. യു.ജി.സി. നിലവിലുള്ള സർവ്വകലാശാലാ നിയമത്തിൽ ഏതെല്ലാം വകുപ്പുകളുള്ളതുകൊണ്ടാണ് സഹായം തരാത്തതെന്ന് വ്യക്തമാക്കിയിട്ടുണ്ടോ? അങ്ങനെ ഒരു നടപടി അവർ സ്വീകരിക്കില്ല. അവരുടെ മോഡൽ ആക്ടിന്റെ അടിസ്ഥാനത്തിലല്ല ഇതിന്റെ ആക്ട് തയ്യാറാക്കിയിട്ടുള്ളത്. കോഴിക്കോട് സർവ്വകലാശാലയുടേയോ കണ്ണൂർ സർവ്വകലാശാലയുടേയോ കേരളാ സർവ്വകലാശാലയുടേയോ ആക്ടിന് സമാനമായല്ല ശ്രീ ശങ്കരാചാര്യ സർവ്വകലാശാലയുടെ ആക്ട്. അതുകൊണ്ട് ആക്ടിൽ എന്തെങ്കിലും തടസ്സമുള്ളതുകൊണ്ടാണ് യു.ജി.സി.-യുടെ സഹായം ലഭിക്കാത്തത് എന്ന് പറഞ്ഞത് ശരിയല്ല. യു.ജി.സി.-യുടെ സഹായം സംബന്ധിച്ചുതന്നെ എനിക്ക് സംശയമുണ്ട്. രാജ്യത്തെ മറ്റ് നിരവധി സ്ഥാപനങ്ങളിൽ ഒരു സ്ഥാപനത്തിന് ഒരു പക്ഷേ യു.ജി.സി.യിൽനിന്നും സഹായം ലഭ്യമായിട്ടുണ്ടെന്നുള്ള ധാരണ ഏത് സന്ദർഭത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആ സർവ്വകലാശാലയുടെ വികസനത്തിനാവശ്യമായ നിരവധി സഹായധനം കേന്ദ്ര ഗവണ്മെന്റ് മാത്രമല്ല സെൻട്രൽ ഗവണ്മെന്റുമായി ബന്ധപ്പെട്ടുകൊണ്ട് നേടിയെടുക്കുന്നകാര്യത്തിൽ കിട്ടിക്കഴിഞ്ഞു എന്ന് എനിക്ക് പറയാൻ കഴിയില്ല, പണിക്കരെ ഏൽപ്പിക്കുന്നതിനുമുമ്പ് അതിനാവശ്യമായിട്ടുള്ള പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട് എന്നുള്ളതു വസ്തുതാപരമാണ്. ഇവിടെ ചില സുഹൃത്തുക്കൾ സംസ്കൃതത്തിന്റെ പ്രാധാന്യവും വിവിധ ഭാഷകൾക്ക് നൽകിയിട്ടുള്ള സംഭാവനകളും എല്ലാംതന്നെ വിലമതിക്കപ്പെടേണ്ടതാണ് എന്ന് പറഞ്ഞു. സംസ്കൃത സർവ്വകലാശാല വിവിധ ഭാഷകളെ പ്രോൽസാഹിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും കഴിയുന്ന രൂപത്തിൽ ഭാഷാപഠനം

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്നുണ്ട്. ഉറുദുവിനു വേണ്ടിയുള്ള പ്രത്യേക വിഭാഗം അത് പ്രോൽസാഹിപ്പിക്കേണ്ടതുതന്നെയാണ്. അത്തരം ചില സംഭാവനകൾ അതിന്റെ ഭാഗമായിട്ടുണ്ടായിട്ടുണ്ട്. മറ്റ് വിഷയങ്ങൾകൂടി അവിടെ പഠിപ്പിക്കുന്നു എന്നുള്ളതും അതിന് വിവിധ കേന്ദ്രങ്ങളുണ്ട് എന്നുള്ളതും ഇതിന്റെ ഭാഗമായിട്ട് സൂചിപ്പിക്കേണ്ടതാണ്. കോഴിക്കോട്ടെ കൊയിലാണ്ടിയിലുള്ള സെന്റർ പരമ ദയനീയമായിരുന്നു. അവിടെ ഇപ്പോഴും വലിയ മാറ്റമൊന്നുമില്ല എന്നുള്ളതും ഇതിന്റെ ഭാഗമായി ഞാൻ സൂചിപ്പിക്കുകയാണ്. അനിവാര്യമായ ഒരു ഓർഡിനൻസ് കൊണ്ടുവന്ന് നടപ്പിലാക്കേണ്ട ഒരു നിയമമല്ല ഇതെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ എന്റെ ഡിസെന്റ് രേഖപ്പെടുത്തുകയാണ്. ഈ ബില്ല് അവതരിപ്പിക്കുന്ന സന്ദർഭത്തിൽ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഏതാനും കാര്യങ്ങൾ ഞാൻ പറഞ്ഞിരുന്നു. അത് സംബന്ധിച്ച് ഇവിടെ ശ്രീ. മത്തായി ചാക്കോ ആവർത്തിച്ച് പറയുകയുണ്ടായി. സംസ്കൃത സർവ്വകലാശാലാ ബില്ലിൽ ഭേദഗതി കൊണ്ടുവന്ന സമയത്ത് അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സംബന്ധിച്ച് വലിയ സംശയങ്ങൾ ഞങ്ങൾ പ്രകടിപ്പിച്ചതാണ്. അത് ഞാൻ വീണ്ടും ആവർത്തിക്കുന്നു. ഈ ബില്ല് അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞതുതന്നെ ഈ സർവ്വകലാശാലയെ ലോകോത്തര സ്ഥാപനമായി വളർത്തിയെടുക്കണമെന്നാണ്. അങ്ങനെ വളർത്തിയെടുക്കണമെന്ന അഭിപ്രായംതന്നെയാണ് നമുക്കെല്ലാവർക്കും ഉള്ളത്. നമ്മുടെ മഹത്തായ പാരമ്പര്യത്തിന്റേയും സംസ്കാരത്തിന്റേയും അറിവിന്റേയും കേന്ദ്രമായി ഈ സർവ്വകലാശാലയെ വളർത്തി എടുക്കണം. അതിന് സങ്കുചിതമായ വീക്ഷണം വച്ചുകൊണ്ടുള്ള സമീപനമായിരിക്കരുത് സ്വീകരിക്കേണ്ടത്. വിശാലമായിട്ടുള്ള ഒരു വീക്ഷണം ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണം. കുറേയൊക്കെ ഉണ്ടാകുന്നുണ്ടെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. കലവറയില്ലാതെതന്നെ അക്കാര്യം അങ്ങയെ അറിയിച്ചിട്ടുള്ളതാണ്. ഭേദഗതി കൊണ്ടുവന്നപ്പോൾ സമൂഹത്തിലെ ഏറ്റവും പിന്തള്ളപ്പെട്ട ആളുകൾക്ക് പരിഗണന കൊടുക്കണമെന്ന മനസ്സ് അങ്ങ് കാണിച്ചു. അത് ബഹുമാനപ്പെട്ട മത്തായി ചാക്കോ ചൂണ്ടിക്കാണിച്ചു. ഇനിയുള്ള ഭരണസമിതിയിലെല്ലാം തന്നെ ഈ സമീപനം സ്വീകരിക്കണം എന്നുകൂടി ഞാൻ പറയുകയാണ്. ഇതിന്റെ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തണം. ഇതെല്ലാം ഉൾക്കൊണ്ടായിരിക്കണം ഭേദഗതികൾ വരേണ്ടത്. സർവ്വകലാശാലയുടെ ജനാധിപത്യപരമായിട്ടുള്ള അവകാശങ്ങൾ, അക്കാഡമിക്കായിട്ടുള്ള കാര്യങ്ങൾ, സ്വയംഭരണാവകാശം ഇതെല്ലാം നല്ലതുപോലെ നില നിർത്താൻ കഴിയണം. ശ്രീ. മത്തായി ചാക്കോ ചൂണ്ടിക്കാണിച്ചതുപോലെ നിലവാരം ഉയർത്താനുള്ള പുതിയ സംവിധാനങ്ങളെക്കുറിച്ച് നമ്മൾ ചിന്തിക്കണം. സർവ്വകലാശാലയുടെ നടത്തിപ്പിനെ സംബന്ധിച്ചും പ്രവർത്തനങ്ങളെ സംബന്ധിച്ചും ഒരുപാട് അനുഭവങ്ങൾ നമുക്കുണ്ട്. അതിൽനിന്നും പാഠം ഉൾക്കൊണ്ടുകൊണ്ട് വ്യത്യസ്തമായി ഒരു സർവ്വകലാശാലയും ഒരു സ്ഥാപനവും എന്ന നിലയിൽ ഒരു പുതിയ സമീപനം നാം സ്വീകരിക്കണം. ശ്രീ. മത്തായി ചാക്കോ ഇവിടെ പറഞ്ഞ സജഷൻ ഏറെ

നല്ലതാണ് എന്നാണ് എനിക്ക് തോന്നുന്നത്. ഈ സ്ഥാപനത്തെ കൂടുതൽ മെച്ചപ്പെടുത്താൻ കഴിയുന്ന രീതിയിൽ നമ്മുടെ വിദ്യാഭ്യാസ രംഗത്തും മറ്റു മേഖലയിലുമെല്ലാംതന്നെ വളരെ പ്രശസ്തരായിട്ടുള്ള ആളുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു അഡ്വൈസറി കമ്മിറ്റി വേണമെന്നുള്ള നിർദ്ദേശത്തോട് ഞാനും സഹകരിക്കുകയാണ്. ഞാൻ അതിന്റെ മറ്റു വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. നേരത്തെ മന്ത്രി പ്രകടിപ്പിച്ച ആ വികാരത്തോടുകൂടി തന്നെ നമ്മുടെ ഈ സർവ്വകലാശാലയെ ഏറ്റവും പ്രശസ്തമായിട്ടുള്ള ഒരു സ്ഥാപനമായി മാറ്റിയെടുക്കുവാൻ ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് നടത്തേണ്ടത്. അതിന് ചില പോരായ്മകൾ ഈ ബില്ലിൽക്കൂടിത്തന്നെ കാണുന്നുണ്ട്. ആ കുറവുകൾ പരിഹരിക്കുവാൻ വേണ്ടി തയ്യാറാകണം അദ്ധ്യാപക സംഘടനകൾ ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. അദ്ധ്യാപക സംഘടനകളുടെ പ്രതിനിധികളായിട്ട് ഇതിൽ നോമിനേറ്റ് ചെയ്യപ്പെടുന്ന അംഗങ്ങളെ സംബന്ധിച്ചാക്കെത്തന്നെ അഭിപ്രായ വ്യത്യാസമുണ്ട്. അപ്പോൾ തീർച്ചയായിട്ടും അദ്ധ്യാപക സംഘടനകളെ പ്രതിനിധീകരിച്ച് വരുന്നവർ അദ്ധ്യാപകരിൽനിന്നുതന്നെ ജനാധിപത്യരീതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന ആളുകൾ ആയിരിക്കണം. അങ്ങനെ വരുന്നതുകൊണ്ട് എന്താണ് തെറ്റ് ? നോമിനേറ്റഡ് ആയിട്ടുള്ള ആളുകൾ വരുന്നതിനേക്കാൾ അദ്ധ്യാപകരുടെ ഇടയിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ആളുകൾതന്നെ ആ കമ്മിറ്റിയിൽ വരുന്നതായിരിക്കും നല്ലത്. ആ അദ്ധ്യാപകരുടെ അഭിപ്രായവും അവരുടെ സഹകരണവും യൂണിവേഴ്സിറ്റിയുടെ കാര്യത്തിൽ നമുക്ക് ഉറപ്പു വരുത്താൻ കഴിയും. നോമിനേറ്റഡ് മെമ്പർ വരുന്നതുകൊണ്ട് അസംതൃപ്തി ഉണ്ടാകുവാനുള്ള സാദ്ധ്യതയുണ്ടെന്നു മനസ്സിലാക്കിക്കൊണ്ട് അദ്ധ്യാപകരുടെ ഇടയിൽനിന്നും കൂടെക്കൂടി ജനാധിപത്യ സ്വഭാവമുള്ള ഇലക്ടഡ് മെമ്പർ തന്നെ വരാനുള്ള സംവിധാനം ഉണ്ടാക്കിയെടുക്കുവാൻ കഴിയണം. അങ്ങനെ നമ്മുടെ സംസ്കൃത സർവ്വകലാശാലയെ അത്യുന്നതങ്ങളിൽ എത്തിക്കുവാൻ കഴിയുന്ന രീതിയിലുള്ള സംവിധാനം ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം കഴിഞ്ഞ ദിവസം ഈ ബില്ല് അവതരിപ്പിച്ച സന്ദർഭത്തിൽ ചൂണ്ടിക്കാണിച്ച ഒരു കാര്യമുണ്ട്. അതായത് ലോക പ്രസിദ്ധമായ ഒരു സ്ഥാപനമാണ് കേരള കലാമണ്ഡലം. ഇപ്പോൾ ഈ സ്ഥാപനം സംസ്കൃത സർവ്വകലാശാലയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. കലാമണ്ഡലത്തിലെ വിദ്യാർത്ഥികൾക്ക് സംസ്കൃത സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തു കൊണ്ടാണ് അവിടെ ഇപ്പോൾ സർട്ടിഫിക്കറ്റെല്ലാം കൊടുത്തുകൊണ്ടിരിക്കുന്നത്. അത് ഒരു ലോക പ്രശസ്ത സ്ഥാപനം തന്നെയാണ്. അതിനു അതിന്റേതായിട്ടുള്ള മഹത്വവും പ്രാധാന്യവും ഉണ്ടെന്നു മനസ്സിലാക്കിക്കൊണ്ട് ഇപ്പോൾ കാലടി സംസ്കൃത സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കലാമണ്ഡലത്തെ ഒരു സെപ്പറേറ്റ് സർവ്വകലാശാലയായി മാറ്റാൻ വേണ്ടിയിട്ടുള്ള ഒരു പ്രവർത്തനംകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സാംസ്കാരിക സർവ്വകലാശാലയെ സംബന്ധിച്ച് നമ്മൾ എപ്പോഴും പറയാറുണ്ട്. ആ സാംസ്കാരിക സർവ്വകലാശാല ഈ പ്രത്യേക സാഹചര്യത്തിൽ കേരള കലാമണ്ഡലവുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഉയർത്തിയെടുക്കുവാൻ കഴിയണം. അപ്പോൾ കാലടി സർവ്വകലാശാലയിൽനിന്ന്

LIBRARY ARCHIVES Kerala Legislative Assembly

വ്യത്യസ്തമായ മറ്റൊരു മഹത്തായ സ്ഥാപനമായി കലാമണ്ഡലത്തെ ഉയർത്തി എടുക്കാവുന്നതാണ്. നമ്മുടെ കലയേയും, സംസ്കാരങ്ങളെയും പരിപോഷിപ്പിക്കുവാൻ കഴിയുന്ന രീതിയിൽ ഒരു സാംസ്കാരിക സർവ്വകലാശാലകൂടി സ്ഥാപിക്കുവാൻ കഴിയണമെന്നുകൂടി ചൂണ്ടിക്കാണിക്കുന്നു. മുമ്പ് ഞാൻ അതു പറഞ്ഞപ്പോൾ മന്ത്രി യാതൊരു മറുപടിയും പറഞ്ഞില്ല. ഇന്നെങ്കിലും അതിനെ സംബന്ധിച്ച് മറുപടി പറയുമെന്നാണ് ഞാൻ കരുതുന്നത്. നേരത്തേ ഇവിടെ ശ്രീ. മത്തായി ചാക്കോ പറഞ്ഞതുപോലെ കുറേക്കൂടി ഉയർന്ന രീതിയിലുള്ള ഒരു സമീപനം ഈ രംഗത്ത് ഉണ്ടാകണമെന്ന് ആഗ്രഹിച്ചുകൊണ്ട് ഡിസെന്റ് രേഖപ്പെടുത്തുകയാണ്.

ശ്രീ. ബി. വിജയകുമാർ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ പൊതു ജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. രാധാകൃഷ്ണൻ പ്രസംഗം അവസാനിപ്പിച്ചിടത്തുനിന്നും ഞാൻ ആരംഭിക്കുകയാണ്. അദ്ദേഹം പറഞ്ഞതിനോട് ഞാൻ പൂർണ്ണമായി യോജിക്കുന്നില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം കേരളത്തിലുള്ള മറ്റ് സർവ്വകലാശാലകളിൽ നിന്നും വ്യത്യസ്തമായ ഒരു സർവ്വകലാശാലയാണ് കേരള സംസ്കൃത സർവ്വകലാശാല. ആ ഉദ്ദേശത്തോടുകൂടി തന്നെയാണ് 1991 ഡിസംബർ ഒന്നാം തീയതി അന്ന് അധികാരത്തിലിരുന്ന ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് സംസ്കൃത സർവ്വകലാശാല കാലടിയിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചത്. ആദിശങ്കരന്റെ ജന്മനാടായ കാലടിയിൽത്തന്നെ സംസ്കൃത സർവ്വകലാശാല സ്ഥാപിക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ് കാലടി കേന്ദ്രമാക്കി അന്ന് സ്ഥാപിച്ചത്. ശങ്കരാചാര്യർ സ്ഥാപിച്ച നാലു മഠങ്ങളിൽ ഒന്നായ ശൃംഗേരി മഠത്തിലെ ജഗത്ഗുരു ശ്രീ ഭാരതീതീർത്ഥ മഹാസ്വാമികളാണ് ഈ വിശ്വവിദ്യാലയത്തിന് തറക്കല്ലിട്ടത്. അതുകൊണ്ടുതന്നെ ഈ സർവ്വകലാശാലയ്ക്ക് വളരെയധികം പ്രാധാന്യമുണ്ട്. ആധുനിക ശാസ്ത്രജ്ഞന്മാരെപ്പോലും അമ്പരപ്പിക്കുന്ന മഹാന്മാരായ പ്രഭാകരഭട്ടൻ, ആര്യഭട്ടൻ തുടങ്ങിയ കേരളീയ വിജ്ഞാനികളെല്ലാം രചിച്ചിട്ടുള്ള ശാസ്ത്ര ഗ്രന്ഥങ്ങളെല്ലാം സംസ്കൃതത്തിലാണ്. നാരായണീയം തുടങ്ങിയ ഗ്രന്ഥങ്ങളും നിരവധി സാഹിത്യ ഗ്രന്ഥങ്ങളും പുരാതനകാലങ്ങൾക്കു മുമ്പുതന്നെ കേരളത്തിൽ സംസ്കൃതത്തിലാണ് രചിച്ചിട്ടുള്ളത്. ആയിരക്കണക്കിനു വർഷങ്ങൾ പാരമ്പര്യമുള്ള കേന്ദ്രങ്ങളിൽ പുരാതനകാലത്ത് സംസ്കൃതത്തിലാണ് ആശയവിനിമയം നടത്തിയിട്ടുള്ളത്. ചേരന്മാർ, പെരുമാൾ തുടങ്ങിയ കേരളീയ ചക്രവർത്തിമാരുടെ കാലത്ത് കേരളത്തിലെ സാധാരണക്കാർ പോലും സംസ്കൃത ഭാഷയാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് ചരിത്രപണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ആയിരത്തി ഇരുന്നൂറു വർഷങ്ങൾക്കു മുമ്പ് ജീവിച്ച ശ്രീ. ശങ്കരാചാര്യർ രചിച്ചിട്ടുള്ള പ്രസ്ഥാനത്രയം, വിവേകചൂഡാമണി, ആത്മപാദം തുടങ്ങിയ ആയിരക്കണക്കിനു ഗ്രന്ഥങ്ങൾ സംസ്കൃതത്തിലാണ് രചിച്ചിട്ടുള്ളത്. രേവതി പട്ടത്താനം, കൊച്ചി-തിരുവിതാംകൂർ രാജസഭകൾ തുടങ്ങി എല്ലായിടത്തുംതന്നെ സംസ്കൃത ഭാഷയിലാണ് ആശയവിനിമയം നടത്തിയിരുന്നത്. ഇതെല്ലാം കൊണ്ടു തന്നെയാണ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേരളം സംസ്കൃതത്താൽ സമ്പുഷ്ടമായിരുന്നുവെന്ന് നമുക്ക് അനുമാനിക്കാം. ബ്രിട്ടീഷുകാരുടെ ആഗമനത്തോടുകൂടിയാണ് സംസ്കൃതത്തിന് ഊനം വന്നത്. ആയുർവ്വേദ ഗ്രന്ഥങ്ങളായ അഷ്ടാംഗഹൃദയം, സഹസ്രയോഗം തുടങ്ങിയവയെല്ലാംതന്നെ സംസ്കൃതത്തിലാണ്. കേരളം പണ്ടുകാലം മുതൽക്കുതന്നെ സംസ്കൃതത്തെ പരിപോഷിപ്പിച്ചിരുന്നുവെന്ന് മനസ്സിലാക്കാം. മലയാളംതന്നെ സംസ്കൃത പദങ്ങളുടെ ബാഹുല്യംകൊണ്ട് സമ്പുഷ്ടമാണ്. വരേണ്യ വർഗ്ഗത്തിന്റെ ഭാഷയല്ല സംസ്കൃതം. സമുന്നതനായ, ആരാധ്യനായ കോൺഗ്രസ് നേതാവ് ശ്രീ. സി. എം. സ്റ്റീഫൻ, കുര്യാക്കോസ് മാസ്റ്റർ, ശ്രീ. ദേവസ്യ തുടങ്ങിയവർ ഇതിന് ഉദാഹരണങ്ങളാണ്. ശ്രീമാൻ ദേവസ്യ സംസ്കൃതത്തിൽ ശ്രീമദ് ക്രിസ്തു ഭാഗവതം എന്ന ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. സംസ്കൃത യൂണിവേഴ്സിറ്റി ആ ഗ്രന്ഥം പ്രകാശനം ചെയ്തിട്ടുണ്ട്. അടുത്തകാലത്ത് നമ്മുടെ മുഖ്യമന്ത്രി പുനഃപ്രസിദ്ധീകരണം നിർവ്വഹിക്കുകയുണ്ടായി. ആധുനിക യുഗത്തിൽ ഇൻഫർമേഷൻ ടെക്നോളജിക്കു പോലും സംസ്കൃതം ഏറ്റവും സുലഭമായ ഭാഷയാണെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഇങ്ങനെയുള്ള സംസ്കൃത ഭാഷയെ പരിപോഷിപ്പിക്കുവാനും സാധാരണക്കാർക്കു പോലും എളുപ്പത്തിൽ വേദഭാഷയായ സംസ്കൃതത്തെ പരിപോഷിപ്പിക്കുവാനും അതുവഴി ഭാരത പൈതൃകം ലോകമെമ്പാടും എത്തിക്കുവാനും ഉദ്ദേശിച്ചുകൊണ്ട് ആദിശങ്കരൻ സ്ഥാപിച്ച നാലു മഠങ്ങളിൽ ഒന്നായ ശൃംഗേരി മഠത്തിന്റെ ഇന്നത്തെ സ്വാമിജി ശ്രീ ഭാരതീ തീർത്ഥസ്വാമികളുടെ ഉപദേശമനുസരിച്ച് അദ്ദേഹമാണ് ആദ്യമായി ഈ സർവ്വകലാശാല സ്ഥാപിക്കുന്നതിനുവേണ്ടി അഞ്ചുലക്ഷം രൂപ കേരളാ ഗവൺമെന്റിന് സംഭാവന നല്കിയത്. ഒരു സംസ്കൃത സർവ്വകലാശാല ആദിശങ്കരന്റെ ജന്മനാട്ടിൽ ഉണ്ടാകണമെന്ന് ആദ്യമായി ആഗ്രഹിച്ചത് അദ്ദേഹമാണ്. അതിനുവേണ്ടി അദ്ദേഹം അഞ്ചു ലക്ഷം രൂപ അന്നത്തെ സംസ്ഥാന സർക്കാരിനെ ഏല്പിക്കുകയുണ്ടായി. ആ ആഗ്രഹമനുസരിച്ച് കാലടിയിൽ ഒരു സംസ്കൃത സർവ്വകലാശാല അന്ന് സ്ഥാപിക്കുകയുണ്ടായി. ആദ്യമായി ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി പറഞ്ഞതുപോലെ സംസ്കൃതഭാഷയെയും ആധുനികമായ എല്ലാ ഭാഷകളെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് അവിടെ വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ആ സംസ്കൃത സർവ്വകലാശാലയുടെ പ്രവർത്തനം ആരംഭിച്ചത്. സർവ്വകലാശാല ആരംഭിച്ചപ്പോൾ കേരളത്തിൽ വിവിധ കോളേജുകളിൽനിന്നുള്ള പ്രഗത്ഭരായ പല അദ്ധ്യാപകരും തങ്ങളുടെ സർവ്വകലാശാലകളിലെ സേവനം രാജിവെച്ചുകൊണ്ട് സംസ്കൃത സർവ്വകലാശാലയിൽ വന്നു ചേരുകയുണ്ടായി. പലരും ഡെപ്യൂട്ടേഷനിൽ വന്നു. പലരും രാജിവച്ചു വന്ന് സംസ്കൃത സർവ്വകലാശാലയിൽ ചേർന്നു. അവർക്ക് ഭാഷയോടുള്ള സ്നേഹംകൊണ്ട്, അവരുടെ ഭാഷാ പ്രാവീണ്യം ഇവിടെ കൂടുതൽ പ്രയോജനപ്പെടുത്തണമെന്നുള്ള ഉദ്ദേശശുദ്ധിയോടുകൂടി സംസ്കൃത സർവ്വകലാശാലയിൽ വന്നു ചേരുകയുണ്ടായി. അങ്ങനെ വളരെ സമ്പുഷ്ടമായി ഈ യൂണിവേഴ്സിറ്റി പ്രവർത്തനം ആരംഭിച്ചപ്പോഴാണ് നിർഭാഗ്യവശാൽ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇടതുമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നത്. ജോലി രാജിവെച്ച് സംസ്കൃത യൂണിവേഴ്സിറ്റിയിൽ ചേർന്ന പല അദ്ധ്യാപകരേയും ശ്രീ ഭാരതീ തീർത്ഥസ്വാമികളുടെ ആഗ്രഹമനുസരിച്ച്

സംസ്കൃതത്തെ പരിപോഷിപ്പിക്കുവാൻ വേണ്ടി രൂപീകരിച്ച സർവ്വകലാശാലയിൽനിന്ന്, പിരിച്ചുവിട്ടുകൊണ്ട് ഇന്ന് സംസ്കൃത സർവ്വകലാശാലയെ പോഷിപ്പിക്കണം, രാഷ്ട്രീയത്തിൽ നിന്ന് ഒഴിവാക്കണമെന്ന് പ്രസംഗിക്കുന്ന എന്റെ സ്നേഹിതന്മാരുടെ ഗവൺമെന്റ് ആദ്യമായി ആ സംസ്കൃത സർവ്വകലാശാലയുടെ കടയ്ക്കൽ കത്തിവച്ചു. ബഹുമാനപ്പെട്ട നിയമസഭാ മെമ്പർ ജി.കാർത്തികേയന്റെ ഭാര്യ എൻ.എസ്.എസ്. കോളേജിൽനിന്ന് ജോലി ഉപേക്ഷിച്ചുകൊണ്ടാണ് സംസ്കൃത യൂണിവേഴ്സിറ്റിയിൽ ചേർന്നത്. അവർ ഡോക്ടറേറ്റ് ഉള്ളവരാണ്. അവർക്ക് ഉദ്യോഗം നഷ്ടപ്പെട്ടു, ഇവർ പറഞ്ഞുവിട്ടു. എൻ.എസ്.എസ്. ഉണ്ടായിരുന്നതുകൊണ്ട് അവർക്ക് തിരിച്ച് എൻ.എസ്.എസ്സിൽ ജോലി കൊടുത്തു. ആ മാനദണ്ഡം ഈ ഗവൺമെന്റിന്റെ കാലത്ത് പല ഡിപ്പാർട്ടുമെന്റുകളും സ്വീകരിച്ചിരുന്നുവെങ്കിൽ നിങ്ങളുടെ പലരുടെയും ബന്ധുക്കളുടെ സ്ഥിതി എന്താകുമായിരുന്നു. ഞാൻ ആരുടെയും പേര് പറയുന്നില്ല. നിങ്ങൾ രാഷ്ട്രീയം പറയൂ.....(ബഹളം) .....ഇരിക്ക്.....ഇരിക്ക്..... ശ്രീ. പിരപ്പൻകോട് മുരളിയുടെ കാര്യം ഞാൻ പറയാം. ഇവിടെ ശ്രീ. മത്തായി ചാക്കോ രോഷം കൊണ്ടു. സർ, ഡോ. കെ. എൻ. പണിക്കർ വലിയ ഒരു ദേശീയവാദിയാണ്. നാഷണലിസ്റ്റ് ആണ്. ആർക്കും അഭിപ്രായ വ്യത്യാസമില്ല. ഇന്ത്യയിൽ സോണിയാ ഗാന്ധിയുടെ മുമ്പിൽ, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ മുമ്പിൽ, അദ്ദേഹം ഒരു ദേശീയവാദിയാണ്. പക്ഷേ നിർഭാഗ്യവശാൽ കേരളത്തിൽ അദ്ദേഹം കഴിഞ്ഞ വർഷങ്ങളിൽ സംസ്കൃത യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായിട്ട് പ്രവർത്തിച്ചത് കറകളഞ്ഞ ഒരു മാർക്സിസ്റ്റുകാരനായിട്ടായിരുന്നു. അത് പറയാതിരിക്കുവാൻ പറ്റുകയില്ല. ആദ്യവർഷക്കാലം, എന്ത് ഉദ്ദേശലക്ഷ്യത്തോടുകൂടിയാണോ ഈ സംസ്കൃത സർവ്വകലാശാലയെ വളർത്തിക്കൊണ്ടുവന്നത്, സ്ഥാപിച്ചത്, ആ ഉദ്ദേശലക്ഷ്യങ്ങൾ മുഴുവൻ പരാജയപ്പെടുത്തുന്ന പ്രവർത്തനമാണ് ആ സംസ്കൃത സർവ്വകലാശാലയിൽ നടന്നത്. ആ നിയോജകമണ്ഡലത്തിലെ എം.എൽ.എ. ശ്രീ. പി. ജെ. ജോയി ഇവിടെ ഇരിപ്പുണ്ട്, അതിനെല്ലാം സാക്ഷിയായി. കേരളത്തിലെ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസിലർമാർക്ക് അറുപത്തിയഞ്ചു വയസ്സിൽ പിരിയേണ്ടതാണ്. CPM-കാർക്ക് വേണ്ട സകല സൗകര്യങ്ങളും ആ യൂണിവേഴ്സിറ്റിയിൽ ഒരുക്കിക്കൊടുത്തു എന്നതിന്റെ പേരിൽ ഏജ് വേവ് ചെയ്ത് അറുപത്തി ഒമ്പതു വയസ്സ് വരെ അദ്ദേഹത്തെ അവിടെ ഇരുത്തി. അങ്ങനെ ഇരുത്തിയതിന്റെ ഗുണം ഞാൻ പറയാം. അവിടെ നടന്ന കാര്യങ്ങൾ ഞാൻ പറയാം. അദ്ദേഹം സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തതിന്റെ പേരിൽ ശ്രീ. പിരപ്പൻകോട് മുരളി അടക്കമുള്ള സിൻഡിക്കേറ്റ് മെമ്പർമാർ ഇരുന്നുകൊണ്ട് നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് ഞാൻ പറയാം. യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റ് ഗ്രേഡ്-2, ക്ലാസ്-4 എന്നീ രണ്ടു പദവികളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. റിട്ടൺ ടെസ്റ്റ് നടത്തിയത് ആരാണെന്ന് അറിയാമോ ? ഐ.എം.ജി. ഐ.എം.ജി.-യാണ് ടെസ്റ്റ് നടത്തിയത്. അസിസ്റ്റന്റ് ഗ്രേഡ്-2-ന് 13,110 അപേക്ഷകൾ ഉണ്ടായിരുന്നു. ക്ലാസ്-4-ന് 8,694 അപേക്ഷകൾ ഉണ്ടായിരുന്നു. ഐ.എം.ജി.-ക്ക് പോയി ടെസ്റ്റ് നടത്തി അവർ റിസൽട്ട് തിരിച്ചയച്ചപ്പോൾ അസിസ്റ്റന്റ് ഗ്രേഡ്-2-ന് 187 അപേക്ഷകൾ കൂടി. ക്ലാസ്-4-ന് 86 അപേക്ഷകൾ കൂടി. സർ, യൂണിവേഴ്സിറ്റിയിൽനിന്നും ഐ.എം.ജി.യിലേയ്ക്കുള്ള യാത്രയും ഐ.എം.ജി.-യിൽനിന്നും തിരിച്ച് യൂണിവേഴ്സിറ്റിയിലേയ്ക്കുമുള്ള യാത്രയുടെ ഇടയിൽ ഇവർ 187 അസിസ്റ്റന്റ് ഗ്രേഡ്-2 അപേക്ഷകളും 86 ക്ലാസ്-4

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷകളും തിരുകിക്കയറ്റി. ആ എണ്ണം കൂടിയപ്പോൾ ഐ.എം.ജി. പറഞ്ഞു, ഞങ്ങൾക്ക് ഫീസ് കൂടുതൽ കിട്ടണം. അപ്പോൾ പുതിയ സിൻഡിക്കേറ്റ് വന്നു. ഇത് ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് പുതിയ സിന്റിക്കേറ്റ് പറഞ്ഞു. ക്രൈംബ്രാഞ്ചിന്റെ അന്വേഷണത്തിനു വിട്ടു. ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയോട് എനിക്കു പറയാനുള്ളത്, ക്രൈം ബ്രാഞ്ചിന്റെ അന്വേഷണ റിപ്പോർട്ട് ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ മുന്നിലുണ്ട്. ആ ക്രൈം ബ്രാഞ്ച് റിപ്പോർട്ടെടുത്ത് അതിൽ കുറ്റവാളികൾ ആരാണെന്നുവച്ചാൽ അവരെ ശിക്ഷിക്കണം. സർ, ഹൈക്കോടതിയിൽ ഒരു കേസുണ്ട്. ഹൈക്കോടതി പുതിയ വൈസ് ചാൻസലറോട് പറഞ്ഞിരിക്കുന്നു, കഴിഞ്ഞ അഞ്ചു വർഷക്കാലം നടന്ന നിയമനങ്ങൾ മുഴുവൻ, അതിന്റെ മുഴുവൻ ഡീറ്റെയിൽസും കാണിച്ചുകൊണ്ട് ഒരു സത്യവാങ്മൂലം സമർപ്പിക്കുവാനായി ശ്രീ. പണിക്കർ ഈ നിയമനം അഞ്ചു വർഷക്കാലം അവിടെ നടത്താൻ സൗകര്യമുണ്ടാക്കിക്കൊടുത്തു എന്നുള്ളതാണ്. അത് നഷ്ടപ്പെടുമ്പോൾ നഷ്ടബോധം വരുകയില്ലേ? അവർ ആ നഷ്ടബോധത്തിലാണ്. ശ്രീ. മത്തായി ചാക്കോ ഇവിടെ പറഞ്ഞു, ഡോ. രാധാകൃഷ്ണൻ, വീക്ഷണം എന്നൊക്കെ. ഞങ്ങൾ അഭിമാനം കൊള്ളുന്നു. ഒരു പിന്നോക്ക ജാതിക്കാരനെ ഞങ്ങൾ വൈസ് ചാൻസിലറാക്കി. പിന്നോക്ക ജാതിക്കാരൻ എന്നുവെച്ച് അജ്ഞനായ, അവിവേകിയായ ഒരാളെ ഞങ്ങൾ വൈസ് ചാൻസിലറാക്കിയില്ല. നിങ്ങൾ പറഞ്ഞല്ലോ വീക്ഷണം ജീവനക്കാരൻ ആണെന്ന്. ആരായിരുന്നു ഡോ. ഇക്ബാൽ. അദ്ദേഹം പാർട്ടിക്കാരനായിരുന്നുവെന്ന് ഞങ്ങൾ വിശ്വസിച്ചില്ല. ഡോ. ഇക്ബാൽ നല്ല ഒരു ഭിഷഗ്വരനായിരുന്നുവെന്ന് ഞങ്ങൾക്ക് അറിയാമായിരുന്നു. നിങ്ങൾ അദ്ദേഹത്തെ വൈസ് ചാൻസിലറാക്കി. നല്ല ഒരു ഡോക്ടറെ, നല്ല ഒരാളെ നിങ്ങൾ കേരളാ യൂണിവേഴ്സിറ്റി വൈസ് ചാൻസിലറാക്കിയെന്ന് ഞങ്ങൾ വിചാരിച്ചു. ഡോ. ഇക്ബാലിനെ മാർക്സിസ്റ്റ് പാർട്ടിയിൽനിന്നും പുറത്താക്കിയപ്പോൾ ആയിരുന്നു ഞങ്ങൾ അറിയുന്നത് അദ്ദേഹം പാർട്ടി കേഡർ ആയിരുന്നുവെന്ന്. സർ, പാർട്ടി കേഡറായ ഡോ. ഇക്ബാലിനെ വൈസ് ചാൻസിലറാക്കാമെങ്കിൽ ഞങ്ങൾ ഡോ. രാധാകൃഷ്ണനെ വി.സി. ആക്കിയതിൽ തെറ്റുണ്ടോ? ഡോ. രാധാകൃഷ്ണൻ ആരാണ്? ഞങ്ങൾക്ക് അഭിമാനമുണ്ട്. പട്ടിണി കിടന്ന് കൂലിപ്പണി ചെയ്തു ജീവിച്ച ആളാണ് ഡോ. രാധാകൃഷ്ണൻ. അദ്ദേഹത്തിന്റെ സഹോദരി പട്ടിണി കിടന്നു മരിച്ചു. അക്കാര്യങ്ങൾ ഈ സഭ അറിയണം. അങ്ങനെയുള്ള ഒരു കുടുംബത്തിൽപ്പെട്ട, പട്ടിണിയുടെ, ദാരിദ്ര്യത്തിന്റെ ദുഃഖം അറിയാവുന്ന, അതിലൂടെ വളർന്നുവന്ന, അദ്വൈതത്തിൽ ഡോക്ടറേറ്റ് കിട്ടിയ ഡോ. രാധാകൃഷ്ണൻ യോഗ്യനാണെങ്കിൽ അദ്ദേഹം വീക്ഷണത്തിൽ പ്രവർത്തിച്ചു എന്ന പേരിൽ ഞങ്ങൾ അദ്ദേഹത്തെ മാറ്റുന്നത് എന്തിനാണ്? മാറ്റി നിർത്തണമെന്നോ? സർ, യോഗ്യനായ, അദ്വൈതത്തിൽ ഡോക്ടറേറ്റുള്ള പാവപ്പെട്ടവനായ ഡോ. രാധാകൃഷ്ണനെ അവിടുത്തെ വൈസ് ചാൻസിലറാക്കി എന്നുള്ളതിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നു. ഈ വൈസ് ചാൻസിലർ സ്ഥാനം കഴിയുമ്പോൾ അദ്ദേഹത്തെ പാർട്ടിയിൽ നിന്നും പുറത്താക്കേണ്ട കാര്യമില്ല. കാരണം അദ്ദേഹം ഞങ്ങളുടെ പാർട്ടി മെമ്പറല്ല. അതുകൊണ്ട് ഞങ്ങൾക്ക് പുറത്താക്കേണ്ട കാര്യവുമില്ല. സംസ്കൃത യൂണിവേഴ്സിറ്റിയുടെ പൈതൃകം ഞങ്ങൾക്കുണ്ട്. അതുകൊണ്ടുതന്നെ ഈ യൂണിവേഴ്സിറ്റിയെ നേരായ നിലയിൽ കൊണ്ടുപോകേണ്ട ബാധ്യതയും ഐക്യജനാധിപത്യ മുന്നണിക്കുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ : സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ബി. വിജയകുമാർ സംസ്കൃത യൂണിവേഴ്സിറ്റിയിൽ ഒരു പുതിയ വൈസ് ചാൻസിലറെ പ്രതിഷ്ഠിച്ച് അവിടെ എല്ലാം ഗംഭീരമാക്കി എന്നു പറഞ്ഞു. ഞാൻ അടുത്തയിടെ ഒരു ദിവസം അവിടെയൊരു സംഗീത നാടകോത്സവത്തിൽ പങ്കെടുക്കുവാൻ വേണ്ടി പോയി. അവിടെ രൂക്ഷമായ ഗന്ധമായിരുന്നു. മുമ്പ് ഒരു ചടങ്ങിന് പങ്കെടുത്തപ്പോൾ ഡോ. സുകുമാർ അഴീക്കോട് അടക്കമുള്ള ആളുകൾ അതിനെപ്പറ്റി പരാമർശിക്കുകയുണ്ടായി. കാമ്പസിനകത്ത് നില്ക്കാൻ പറ്റുന്നില്ല. അതുപോലെതന്നെ ഡോ. ഇക്ബാലിന്റെ കാര്യം പറഞ്ഞു. ഒരു ശങ്കരാചാര്യരെ ജയിലിൽ ആക്കിയല്ലോ? അതുകൊണ്ട് ശങ്കരാചാര്യരുടെയും സംസ്കൃതത്തിന്റെയുമെല്ലാം മഹത്വം ഇല്ലാതെയാകുമോ? അതിനെപ്പറ്റി അങ്ങയുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

ശ്രീ. ബി. വിജയകുമാർ : ബഹുമാനപ്പെട്ട മെമ്പർ സാജുപോളിന് എന്നെക്കാൾ കൂടുതൽ അറിയാമായിരിക്കും. ഞാനും മാസത്തിലൊരിക്കൽ അവിടെ പോകുന്ന ഒരാളാണ്. അങ്ങനെ ഒരു സ്ഥിതി വിശേഷം എന്തുകൊണ്ട് ഉണ്ടായി ? ഒരു സുപ്രഭാതം കൊണ്ട് എല്ലുപൊടിയുടെ മണം വരുമോ? നിങ്ങൾ ആ യൂണിവേഴ്സിറ്റിയെ എല്ലുപൊടിയുടെ കേന്ദ്രമാക്കി, കന്നുകാലി തൊഴുത്താക്കി എന്നാണ് ഞങ്ങളുടെ ആക്ഷേപം. അവിടെ താമസിക്കുന്നവർ യൂണിവേഴ്സിറ്റി യൂണിയന്റെ ഭാരവാഹികളാണ്, എസ്.എഫ്.ഐ.ക്കാരാണ് . അറിയാമല്ലോ? ഞാൻ രാഷ്ട്രീയം പറയാത്തതുകൊണ്ട് പറയാത്തതാണ്. അതിൽനിന്നും അതിനെ മോചിപ്പിക്കുവാനാണ് ഡോ. രാധാകൃഷ്ണനെ വൈസ് ചാൻസിലറാക്കിക്കൊണ്ട് ആ യൂണിവേഴ്സിറ്റി ഈ ഗവൺമെന്റ് പുനഃസംഘടിപ്പിച്ചത്. ശങ്കരാചാര്യരിൽ ഊന്നൽ കൊള്ളുന്ന ഒരു യൂണിവേഴ്സിറ്റിയാകണം.

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട മെമ്പർ അങ്ങ് യൂണിവേഴ്സിറ്റി വൈസ് ചാൻസിലറുടെ ക്വാളിറ്റിയെപ്പറ്റിയും അവരുടെ ആ രംഗത്തുള്ള പ്രാഗത്ഭ്യത്തെപ്പറ്റിയുമൊക്കെ സംസാരിക്കുകയാണ്. ബഹുമാന്യനായ ശ്രീ. മത്തായി ചാക്കോ അടക്കമുള്ള ആളുകൾ സിന്റിക്കേറ്റ് മെമ്പറായി കാലിക്കട്ടിൽ ഇരുന്നപ്പോൾ കാലിക്കട്ട് യൂണിവേഴ്സിറ്റി വൈസ് ചാൻസിലറായിരുന്ന ഡോ. കെ.കെ.എൻ. കുറുപ്പ് എന്നു പറയുന്ന വ്യക്തി, ബഹുമാന്യനായ വൈസ് ചാൻസിലർ, ഒരു വില്ലേജാഫീസറായിരുന്ന അദ്ദേഹം പോസ്റ്റൽ ട്യൂഷൻ മാത്രമെടുത്ത് വൈസ് ചാൻസിലർ പദവിയിലേയ്ക്കുവരെ നിയമിക്കുകയുണ്ടായി. ഇവിടെ കോൺഗ്രസ്സുകാർ ആരും, മറ്റാരും ഒരു ആക്ഷേപവും പറഞ്ഞില്ല. അങ്ങനെയുള്ള ഡോ. കെ.കെ.എൻ. കുറുപ്പിനെപ്പോലെയുള്ള ആളുകളെവെച്ച്, അദ്ദേഹത്തിന്റെ ഭാര്യയെ ഫാഷൻ ടെക്നോളജിയുടെ ഡയറക്ടറാക്കി നിയമിച്ച്, അങ്ങനെ യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ പദവികളങ്കപ്പെടുത്തിയിട്ടുള്ള ആളുകളല്ലേ, ഡോ. രാധാകൃഷ്ണനെപ്പോലുള്ള ആളുകളെ ആക്ഷേപിക്കുന്നത്. അത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ബി. വിജയകുമാർ : അതുകൊണ്ടാണ് ഞാൻ ആദ്യം പറഞ്ഞത് ഈ സംസ്കൃത യൂണിവേഴ്സിറ്റി മറ്റ് യൂണിവേഴ്സിറ്റികളേക്കാൾ വ്യത്യസ്തമായി കേരളത്തിന്റെ സാംസ്കാരിക പൈതൃകമുള്ള യൂണിവേഴ്സിറ്റിയാണ്. അത് ആദി ശങ്കരന്റെ ജന്മനാടായ കേരളത്തിൽ സ്ഥാപിച്ച യൂണിവേഴ്സിറ്റിയാണ്. ഈ യൂണിവേഴ്സിറ്റിയുടെ പരിപാവനത വീണ്ടെടുക്കണം. അതു വീണ്ടെടുക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

കെല്പും പ്രാപ്തിയുമുള്ള ഒരു വിദ്യാഭ്യാസ മന്ത്രിയാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. അദ്ദേഹത്തിൽ ഞങ്ങൾക്ക് പരിപൂർണ്ണമായി വിശ്വാസമുണ്ട്. ഏതാനും നാളുകൾക്കുള്ളിൽത്തന്നെ, അവിടെ ഒരുപാട് പാർട്ടി കേഡറുകളെ അവർ യൂണിവേഴ്സിറ്റിയിൽ കീ-പോസ്റ്റുകളിൽ നിയമിച്ചു കഴിഞ്ഞു എന്നതിൽ വളരെ ബുദ്ധിമുട്ടുണ്ട്. അടുത്ത മണ്ടു വർഷക്കാലത്തേയ്ക്ക് അതിനകത്ത് സംസ്കൃതത്തെക്കുറിച്ച് ജ്ഞാനമുള്ള, ഭാഷയെക്കുറിച്ച് ജ്ഞാനമുള്ള, വിദ്യാഭ്യാസമുള്ള, വിവരമുള്ള ആർക്കും കടന്നു ചെല്ലാൻ പറ്റാത്ത രീതിയിൽ ഇവർ പലയിടത്തും ഇവരുടെ താല്പര്യക്കാരെ നിയമിച്ചു കഴിഞ്ഞു. ആ യൂണിവേഴ്സിറ്റിയെ ഒന്നു മോചിപ്പിക്കണം. മോചിപ്പിക്കുവാനുള്ള ചരിത്രദൗത്യമാണ് അങ്ങയുടെകാലത്ത് നിർമ്മിച്ച ഈ യൂണിവേഴ്സിറ്റിയിൽ ഇന്ന് സംജാതമായിരിക്കുന്നത്, അങ്ങയുടെ കൈകളിൽ വീണ്ടും എത്തിയിരിക്കുന്നത്. ചരിത്ര നിയോഗമെന്ന നിലയിലാണ് അങ്ങ് വീണ്ടും വിദ്യാഭ്യാസ മന്ത്രിയായി വന്നിരിക്കുന്നത് എന്നു ഞാൻ വിശ്വസിക്കുന്നു. കേരളത്തിന്റെ പൈതൃകം വീണ്ടെടുക്കുന്നതിനുവേണ്ടി ഈ ചരിത്ര ദൗത്യം ഏറ്റെടുക്കണം. അതോടൊപ്പം ഒരു അമെന്റ്മെന്റ് ഞങ്ങളും കൊടുത്തിട്ടുണ്ട്. ശ്രീ. പി. ജെ. ജോയിയും കൊടുത്തിട്ടുണ്ട്. കൗൺസിലർ എന്ന ഒരു പോസ്റ്റുണ്ട്. അത് പുനഃസ്ഥാപിക്കണം. ഈ ബില്ല് വരുമ്പോൾ ഇതിൽ ചില ഉദ്ദേശലക്ഷ്യങ്ങൾ ഉണ്ടായിരുന്നു. അന്ന് ശ്രീ. പിണറായി വിജയൻ ഈ സഭയിൽ ഒരു അംഗമായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അതിനെ എതിർത്തു.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ ഉണ്ട്. ഇവിടെ ചർച്ച ചെയ്യപ്പെടുന്നത് സബ്ജക്റ്റ് കമ്മിറ്റി നിർദ്ദേശത്തോടുകൂടി വന്നിരിക്കുന്ന ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയെക്കുറിച്ചുള്ള ബില്ലാണ്. ഇതിനകത്ത് ഒന്നര മണിക്കൂറായിട്ട് ഈ കത്തി കേട്ടുകൊണ്ടിരിക്കുകയാണ്. .....(ബഹളം) ..... ബില്ലുമായിട്ട് എന്താണ് ബന്ധം?

ശ്രീ. ബി. വിജയകുമാർ: ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ദേവകുമാർ കത്തി എന്നുള്ള പദപ്രയോഗം നടത്തി. എനിക്ക് തോന്നുന്നത് അത് അദ്ദേഹത്തിന്റെ തന്നെ തൊഴിൽ ആണെന്നാണ്. അത് കഴിഞ്ഞ് പിൽക്കാലത്ത് ഇന്നത്തെ മാർക്സിസ്റ്റ് പാർട്ടി സെക്രട്ടറി ശ്രീ. പിണറായി വിജയനോട് സംസാരിച്ചു. ശ്രീ. പിണറായി വിജയൻ പറഞ്ഞത് ഞങ്ങൾ തെറ്റിദ്ധരിച്ചാണ് അന്ന് അതിനെ എതിർത്തത്. ഞങ്ങൾ വേറെ ഉദ്ദേശത്തോടുകൂടിയാണ് അതിനെ എതിർത്തത്. ഞങ്ങൾക്ക് തെറ്റ് പറ്റിപ്പോയി എന്ന് പിണറായി വിജയൻ എന്നോട് പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് അങ്ങ് ഇതിൽ ഒരു തീരുമാനമെടുത്ത് ആ പദവി പുനഃസ്ഥാപിക്കണം എന്നാണ്. അതിനുള്ള തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ ഭേദഗതി മൂവ് ചെയ്യുകയാണ്.

ശ്രീ. സി.ടി. അഹമ്മദ് അലി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 1956-ലെ യു.ജി.സി. ആക്ടിലെ 12 (ബി) വകുപ്പ് പ്രകാരം സർവ്വകലാശാല ധനസഹായ കമ്മീഷനിൽനിന്നും ധനസഹായം ലഭിക്കുന്നതിന് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലക്ക് അർഹതയുണ്ടായിരുന്നില്ല. ഈ

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യത്തിൽ സർവ്വകലാശാലയുടെ ശരിയായതും കാര്യക്ഷമവുമായ പ്രവർത്തനത്തിന് കമ്മീഷന്റെ ധനസഹായം ഒഴിച്ചുകൂടാത്തതാണ്. അതുകൊണ്ട് കമ്മീഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി 1994-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്ടിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്നതിനും അതുപോലെ തന്നെ അതിന്റെ ഭാഗമായി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാനും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി താൽപര്യം എടുത്തതിൽ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ്. അദ്ദേഹം വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നപ്പോൾ തന്നെയാണ് സർവ്വകലാശാല നിലവിൽ വന്നത്. അതിന്റെ പ്രവർത്തനം കുറ്റമറ്റതാക്കുന്നതിനുവേണ്ടി, അതുപോലെതന്നെ മാതൃകാ സർവ്വകലാശാലയാക്കി മാറ്റിയെടുക്കുന്നതിനുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി കാണിക്കുന്ന താൽപര്യം എത്രയും അഭിനന്ദിക്കപ്പെടേണ്ടതുണ്ട്. അതിനോടൊപ്പം തന്നെ സിൻഡിക്കേറ്റിൽ പട്ടികജാതി/പട്ടികവർഗ്ഗ സമുദായങ്ങൾക്കും വനിതകൾക്കും സർവ്വകലാശാല അദ്ധ്യാപകർക്കും പ്രാതിനിധ്യം നൽകുന്നതിന് ആ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതും സ്വാഗതാർഹമാണ്. അതൊടൊപ്പംതന്നെ ഒരു കാര്യം കൂടി സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നത് സർവ്വകലാശാലകളിൽ, ഈ സർവ്വകലാശാലയടക്കമുള്ള സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലും ഇന്ന് നിയമനം നടത്തുന്നതിൽ പൂർണ്ണമായും സാമുദായിക സംവരണം പാലിക്കുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകേണ്ടതുണ്ട്. കേരളത്തിൽ ഈ സർവ്വകലാശാലയടക്കം സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലും നിയമനം നടത്തുമ്പോൾ പൂർണ്ണമായും സാമുദായിക സംവരണം പാലിക്കത്തക്ക വിധത്തിൽ ആവശ്യമായ മാറ്റം വരുത്തണം. അതുപോലെ നിർബന്ധമായും ഇക്കാര്യത്തിൽ ഗവൺമെന്റ് നടപടി സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം തന്നെ സംസ്കൃത സർവ്വകലാശാലയെ സംബന്ധിച്ചിടത്തോളം വളരെയേറെ നമുക്കറിയാം, കേരളം ഇൻഡ്യക്ക് മാതൃകയായ സംസ്ഥാനമാണ്. വിവിധ മത വിഭാഗങ്ങൾ വളരെയേറെ സൗഹാർദ്ദത്തോടുകൂടി കഴിയുന്ന ഒരു സംസ്ഥാനമാണ് കേരളം. അതുപോലെ തന്നെ സാമുദായിക സൗഹാർദ്ദത്തെ ശക്തിപ്പെടുത്തുന്നതിനും എല്ലാ മത വിഭാഗങ്ങളേയും ഒന്നിപ്പിക്കുന്നതിനും തീർച്ചയായിട്ടും സർവ്വകലാശാല വലിയ സംഭാവന ചെയ്യുന്നുണ്ടെന്നുള്ളത് നമുക്ക് അഭിമാനിക്കാൻ സാധിക്കുന്ന കാര്യമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ കുറേക്കൂടി ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിന് സർവ്വകലാശാലയുടെ നിലവാരം ഉയർത്തണം. അതുപോലെ തന്നെ മാതൃകാ സർവ്വകലാശാലയായി ഈ സ്ഥാപനത്തെ ഉയർത്തിക്കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാകേണ്ടതുണ്ട്. അതോടൊപ്പം നമ്മുടെ സംസ്ഥാനങ്ങളുടെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന സർവ്വകലാശാല സെന്ററുകൾ, അതിന്റെ പ്രവർത്തനങ്ങൾ കുറേക്കൂടി കാര്യക്ഷമതയോടുകൂടി മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. അത് വെറും നാമമാത്രമായ സെന്ററുകളാകാതെ, കുറേക്കൂടി ഈ രംഗത്ത് ഉപയോഗിക്കാൻ കഴിയത്തക്ക രീതിയിൽ, സെന്ററുകളുടെ എല്ലാവിധ വിപുലീകരണത്തിനും അതുപോലെതന്നെ കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കുന്നതിനും നമ്മുടെ സർവ്വകലാശാലയുടെ സെന്ററുകൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. അതോടൊപ്പം തന്നെ പുതിയ സെന്ററുകൾ നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് പല ഭാഗങ്ങളിൽ ഇനിയും ഉണ്ടാകേണ്ടതുണ്ട്. അതുകൊണ്ട് ഇക്കാര്യങ്ങളിൽ ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അതോടൊപ്പംതന്നെ നമ്മുടെ സംസ്കൃത ഗ്രന്ഥങ്ങൾ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ വൈദ്യ ഗ്രന്ഥമടക്കമുള്ള പഠനാർഹമായ പല ഗ്രന്ഥങ്ങളും സംസ്കൃത ഭാഷയിൽ ഉണ്ടെന്നുള്ളത് ഇന്ന് ലോകം അംഗീകരിച്ച യാഥാർത്ഥ്യമാണ്. അതുകൊണ്ട് തന്നെ സംസ്കൃത ഗ്രന്ഥങ്ങൾ അത് മലയാളത്തിലേക്കും അതുപോലെ ഇംഗ്ലീഷിലേക്കും അതുപോലെ ഹിന്ദിയിലേക്കും മറ്റ് ഇതര ഭാഷകളിലേക്കും തർജ്ജമ ചെയ്യണം. സംസ്കൃത ഭാഷയിലുള്ള ഏറ്റവും വിലപ്പെട്ട ഗ്രന്ഥങ്ങൾ അതെല്ലാവർക്കും ഉപകരിക്കത്തക്കവിധത്തിൽ തർജ്ജമ ചെയ്യാനുള്ള സംവിധാനങ്ങളും അതിനുള്ള നടപടികളും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. സർവ്വകലാശാലയുടെ പ്രവർത്തനരംഗത്ത് ഇതുപോലുള്ള ഭേദഗതികൾ ഇനിയും ആവശ്യമാണ്. ഇത് വിദ്യാഭ്യാസ മന്ത്രിയുടെ തൊപ്പിയിലെ ഒരു തൂവലായി ഞാൻ കാണുകയാണ്. അതുകൊണ്ട് ഇനിയും ഇതിന്റെ പ്രവർത്തനം വളരെയേറെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി ലോകം മുഴുവൻ അറിയത്തക്ക രീതിയിലുള്ള അതുപോലെ ഇൻഡ്യയിൽ നമ്മുടെ സംസ്ഥാനത്തെ ഏറ്റവും നല്ല മാതൃകാ, സർവ്വകലാശാല എന്നുള്ള അംഗീകാരം ഈ സർവ്വകലാശാലയ്ക്ക് കൊടുക്കുന്നതിനും ഇനിയും ഇതിന്റെ പിന്നാലെ ഭേദഗതികളും അതുപോലെ വ്യവസ്ഥകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകണം. അതിനാവശ്യമായ നടപടികൾ തീർച്ചയായും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ഇതിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി കാണിക്കുന്ന അദ്ദേഹത്തിന്റെ ആത്മാർത്ഥതയെ ഒന്നുകൂടി അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല. സംസാരിക്കാം.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, ഈ സർവ്വകലാശാലയുടെ പേര് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല എന്നാണ്. അവിടെ സംസ്കൃതം മാത്രമല്ല പഠിപ്പിക്കുന്നത്. സംസ്കൃതം മുഖ്യ വിഷയമാക്കുന്നതുതന്നെ, ഭാരതീയ സംസ്കാരത്തെ (അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ എം. എം. ഹസ്സൻ) മറ്റ് സംസ്കാരങ്ങളുമായി കൂട്ടിയിണക്കുന്ന ഒരു കണ്ണിയായി ആ സംസ്കൃത സർവ്വകലാശാലയെ ഉയർത്തുക എന്നുള്ളതാണ് ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നതെങ്കിൽ ഈ ബില്ല് ഇതിന് സഹായകമല്ല. നിലവിലുള്ള സിൻഡിക്കേറ്റ് ഭരണ സമിതി മെമ്പർമാരെ കാലാവധി പൂർത്തിയാകുന്നതിനുമുൻപ് പറഞ്ഞുവിട്ട് സ്വന്തക്കാരേയും സിൽബന്ദികളേയും പാർശ്വവർത്തിക്കാരേയും തിരുകി കയറ്റുന്നതിനുള്ള ഭേദഗതി ബില്ലാണ് ഒരു ഓർഡിനൻസായി സർക്കാർ കൊണ്ടുവന്നിരിക്കുന്നത്. പോസ്റ്റ് ഗ്രാഡ്വേറ്റിന്റെ പ്രതിനിധി, റിസർച്ച് വിദ്യാർത്ഥികളുടെ പ്രതിനിധി എന്നിവരെ നാമനിർദ്ദേശം ചെയ്യുന്നത് സർക്കാർ വിലാസം സംഘടനാ പ്രവർത്തകർക്ക് സ്ഥാനം ഉണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടി മാത്രമാണ്. ഉന്നത വിദ്യാഭ്യാസവും നല്ല ധാരണയും കഴിവും ഉള്ളവർക്ക് സ്വന്തം നേതാവിനെ തെരഞ്ഞെടുക്കാനുള്ള അധികാരം ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

നിഷേധിച്ചിരിക്കുകയാണ് ചെയ്യുന്നത്. ജനാധിപത്യ സർക്കാരിനോ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിനെപ്പോലുള്ള മന്ത്രിക്കോ അത് ഭൂഷണമല്ല. മെമ്പർമാരിൽ ഒരാൾ വനിത എന്നുള്ളത് അംഗീകരിക്കുന്നു. അതോടൊപ്പം തന്നെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽ ഒരാളെ കൂടി ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. യൂണിവേഴ്സിറ്റികളെല്ലാം തന്നെ സ്വയംഭരണ സ്ഥാപനങ്ങളാണ്. അവരുടെ സ്വയംഭരണാവകാശത്തെ ഇല്ലാതാക്കുന്നതാണ് ഈ ഭേദഗതി ബില്ല്. ഈ ബില്ല് ഒറിജിനൽ ആക്ടിലെ 10-ാം വകുപ്പ് വിട്ട് കളയുമ്പോൾ അന്താരാഷ്ട്ര പ്രശസ്തിയുള്ള ഒരു സംസ്കൃത പണ്ഡിതൻ മുഖ്യ ഓണറി ഉപദേഷ്ടാവ് എന്നിവരുടെ പോസ്റ്റും വൈസ്ചാൻസലർക്ക് നോട്ടീസ് നൽകിയിട്ട് സർവ്വകലാശാല സ്ഥാപിച്ചിട്ടുള്ളതോ പരിപാലിക്കുന്നതോ ആയ ഏതെങ്കിലും സ്ഥാപനത്തിന്റെ പ്രവർത്തി പരിശോധിക്കാൻ അധികാരമുള്ള ചീഫ് കൗൺസിലറുടെ പദവിയും ഇല്ലാതാക്കുകയാണ് ചെയ്യുന്നത്. ഇത് സ്വാശ്രയ മേഖലയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ പരിപോഷിപ്പിക്കുന്നതിനും അവരുടെ പക്കൽ നിന്നും കോഴ വാങ്ങുന്നതിലൂടെ അഴിമതി വ്യാപകമാക്കുന്നതിനുമാണ് സാധ്യതയുണ്ടാക്കുന്നത്. പൊതു വിദ്യാഭ്യാസം പാവപ്പെട്ടവന് അന്യമായി നിൽക്കും. അതിന്റെ ബലിയാടുകളാണ് രജനിയെപ്പോലുള്ള പിന്നു വിദ്യാർത്ഥികൾ. 12-ാം വകുപ്പ് ഭേദഗതി ചെയ്ത് സിൻഡിക്കേറ്റിന്റെ അധികാരം ഗവൺമെന്റിന്റേയും ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന പാർശ്വവർത്തികളുടേയും കൈയിൽ ഏൽപ്പിക്കുന്നത് മൂലം സംസ്കൃത സർവ്വകലാശാല സ്വയംഭരണാവകാശത്തിലൂടെ നേടിയെടുത്ത എല്ലാ ഔന്നത്യങ്ങളും നശിപ്പിക്കപ്പെടുകയാണ്. മാത്രമല്ല, സിൻഡിക്കേറ്റ് ഉദ്യോഗസ്ഥ ദുഷ്ഭരണത്തിനും പണപ്പിരിവിനും വേണ്ടിയുള്ള വേദികളാകുകയാണ്. 15-ാം വകുപ്പ് ഭേദഗതി ചെയ്ത് സിൻഡിക്കേറ്റിന്റെ കോറം സർക്കാർ നിയന്ത്രണത്തിൽ ആക്കുകയും അതോടെ സർക്കാരിന്റെ ഇഷ്ടാനിഷ്ടങ്ങൾ സർവ്വകലാശാലയിലൂടെ നടപ്പിലാക്കുകയുമാണ് ചെയ്യുന്നത്. ഇതൊരു വകുപ്പായി മാറ്റുന്നതിലൂടെ സർവ്വകലാശാലയുടെ ജനാധിപത്യസ്വഭാവം ഇവിടെ നഷ്ടപ്പെടുകയാണ്. 16-ാം വകുപ്പ് ഭേദഗതി ചെയ്ത് അക്കാഡമിക് കൗൺസിലിന്റെ അക്കാഡമിക് സ്വഭാവം നഷ്ടപ്പെടുന്ന പ്രവർത്തി സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ അക്കാഡമിക് കൗൺസിൽ വഴി അഴിമതിയും സ്വജനപക്ഷപാതവും നടത്തി അഴിമതിക്ക് കളമൊരുക്കുവാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇത് ജനാധിപത്യ വിരുദ്ധമാണ്. അതുപോലെ തന്നെ പഠന ബോർഡുകളും പുനഃസംഘടിപ്പിക്കപ്പെടുകയാണ്. അത് യൂണിവേഴ്സിറ്റിയുടെ അക്കാഡമിക് സ്വഭാവം നഷ്ടപ്പെടുത്തുന്ന സ്ഥിതിവിശേഷമാണ് ഉണ്ടാക്കിയിരിക്കുന്നത്. 27-ാം വകുപ്പ് പ്രകാരമുള്ള പ്രിൻസിപ്പൽ ഡീൻ ഓഫ് സ്റ്റഡീസ് വിട്ടുകളയേണ്ടതാണെന്നാണ് പുതിയ ബില്ലിൽ പറയുന്നത്. സർവ്വകലാശാലയുടെ പ്രവർത്തനത്തിന്റെ എല്ലാ അക്കാഡമിക് വശങ്ങളേയും സംബന്ധിച്ചും വൈസ്ചാൻസിലർക്ക് ഉപദേശം നൽകേണ്ടത് പ്രിൻസിപ്പൽ ഡീൻ ഓഫ് സ്റ്റഡീസാണ്. അത് വിട്ടുകളയുകയെന്നുപറയുമ്പോൾ അതിന്റെ ഉദ്ദേശശുദ്ധി യെന്താണെന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല. വൈസ്ചാൻസലറുടെ ഉപദേശകനെ പാലക്കാട് ജില്ലയിലും മലബാർ സിമന്റ്സിലും ഭരണം നടത്തുന്നതിനുവേണ്ടി ഒരു ചാക്ക് കച്ചവടക്കാരനെ ഏൽപ്പിച്ചതുപോലെ ഇതിന്റെ ഭരണം ആരെ ഏൽപിക്കാനാണ് ഉദ്ദേശിക്കുന്നത്? നിലവിലുള്ള വൈസ്ചാൻസലർ സംസ്കൃത പണ്ഡിതനല്ല.

LIBRARY ARCHIVES Kerala Legislative Assembly

വി.സി. യായി സംസ്കൃത പണ്ഡിതനായ ക്വാളിഫിക്കേഷനുള്ള, എം.എ.യും, പി.എച്ച്.ഡി.യുമുള്ള ഒരാൾ വരണം. അതുപോലെ തന്നെ ഇതുമായി ബന്ധപ്പെട്ടു കൊണ്ട് ആക്ടിന് വിരുദ്ധമായിട്ടാണ് ഉദ്യോഗസ്ഥൻമാരെ നിയമിക്കലും അതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നതും. അത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

<u>ശ്രീ. സി. ടി. അഹമ്മദ് അലി:</u> മലബാർ സിമന്റ്സിൽ ചാക്ക്കച്ചവടക്കാരൻ നടത്തുന്നു എന്ന് പറഞ്ഞത് രേഖയിൽനിന്ന് നീക്കം ചെയ്യണം.

<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ:</u> എല്ലാവർക്കും അറിയാവുന്ന കാര്യമാണ് മലബാർ സിമന്റ്സിന്റെ ഭരണം എന്നുപറയുന്നത് പുറത്തുള്ള ഒരാളാണ് നടത്തുന്നത്.

<u>മി. ചെയർമാൻ:</u> ബില്ലിന്റെ ചർച്ചയിൽ മറ്റ് കാര്യങ്ങൾ പറയാൻ പാടില്ല. ബഹുമാനപ്പെട്ട മെമ്പർക്ക് പ്രത്യേക പരിഗണനയിലാണ് അനുവദിച്ചത്. പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> മലബാർ സിമന്റ്സിൽ എം.ഡി.യെ മൂലയ്ക്കിരുത്തി ഒരു ചാക്കു കച്ചവടക്കാരൻ ഭരണം നടത്തുന്നതുപോലെ ഇത് പാടില്ലെന്നാണ് പറഞ്ഞത്.

<u>മി. ചെയർമാൻ:</u> ഇത് സർവ്വകലാശാലയുടെ കാര്യമല്ലേ അത് പറഞ്ഞാൽ മതിയല്ലോ?

<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ:</u> ഇപ്പോൾ യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം സമയബന്ധിതമായി പരീക്ഷ നടത്തുന്നത് ഏറ്റവും പ്രധാനമാണ്. പ്രിൻസിപ്പൽ ഡീൻ ഓഫ് സ്റ്റഡീസ് മാറ്റുന്നതുമൂലം അത് ഏറ്റവും കുറ്റമറ്റ രീതിയിൽ പരീക്ഷ നടത്താൻ കഴിയാത്ത അവസ്ഥയിലാണ് വരുന്നത്. അതുകൊണ്ടുതന്നെ ഈ ബില്ല് സംസ്കൃത സർവ്വകലാശാലാ ബില്ലിനെ ഞാൻ പരിപൂർണ്ണമായി എതിർക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):</u> ഈ സഭയിലെ അംഗങ്ങളായ ബഹുമാനപ്പെട്ട ശ്രീ. മത്തായി ചാക്കോ ശ്രീ. രാധാകൃഷ്ണൻ, ശ്രീ. ബി. വിജയകുമാർ, ശ്രീ. സി. ടി. അഹമ്മദ് അലി, ശ്രീമതി ഗിരിജാ സുരേന്ദ്രൻ എന്നിവർ ഇവിടെ അവതരിപ്പിച്ച അഭിപ്രായങ്ങളും എല്ലാ നല്ല വശങ്ങളും സ്വാഗതം ചെയ്യുകയാണ്. സംസ്കൃത യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം എല്ലാവരും കാണിച്ച താൽപര്യം വളരെ വലുതാണ്. വളരെ കുറച്ച് സമയത്തിനുള്ളിൽ ചെയ്യാൻ പറ്റുന്ന എല്ലാ നൻമയും യൂണിവേഴ്സിറ്റിക്ക് ചെയ്യണമെന്നാണ് ഗവൺമെന്റിന്റേയും ആഗ്രഹം. ഇതിന്റെ ആദ്യത്തെ പ്രോജക്ട് റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. കേരളത്തിൽ സംസ്കൃത യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിനെ സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് 1972-ൽ നമ്മുടെ കയ്യിൽ കിട്ടിയതാണ്. Project Report on Establishment of Higher Institutions for Sanskrit and Research status of the Universities in Kerala. പി. കെ. നാരായണ പിള്ളയുടെ റിപ്പോർട്ടാണ്. 1972-ൽ ഈ റിപ്പോർട്ട് കിട്ടിയിട്ട് രണ്ട് ദശാബ്ദം കാത്ത് നിന്നു. ഒന്നാമത്തെ പേജിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞ വാക്ക് ഒരു പ്രാവശ്യമെങ്കിലും വായിച്ചിരുന്നുവെങ്കിൽ അന്ന് ആവേശംകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

നമ്മൾ സ്തംഭിക്കുമായിരുന്നു. ഫസ്റ്റ് പേജിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞു, If I was asked what is the greatest treasure which India possess and what is their finest heritage, I would answer unhesitatingly, it is the Sanskrit language and literature and all that it contains. ഭാരതത്തിന്റെ നിധി എവിടെ കിടക്കുന്നുവെന്ന് ചോദിച്ചാൽ മടി കൂടാതെ ഞാൻ പറയും സംസ്കൃതത്തിലും സംസ്കൃത സാഹിത്യത്തിലും എന്തെല്ലാം ഉൾക്കൊള്ളുന്നുവോ അതിലാണെന്ന് പറഞ്ഞ പണ്ഡിറ്റ്ജിയുടെ വാക്കുകൾ ആദ്യത്തെ പേജിൽ ഉള്ളതാണ്. രണ്ട് ദശാബ്ദക്കാലത്തിനുശേഷമാണ് നമ്മൾ ഇത് ഉണ്ടാക്കിയത്. ഉണ്ടാക്കിയതിനുശേഷം ഇവിടെ പറഞ്ഞു. യൂണിവേഴ്സിറ്റിയുടെ പോരായ്മയെക്കുറിച്ച് നമ്മൾ എപ്പോഴും ചെയ്യുന്നത് സ്വയം വിമർശനം തന്നെയാണ്. ഞാനും ചെയ്യുന്നത് അത് തന്നെയാണ്. പക്ഷേ ഈ കാർമേഘങ്ങൾക്കിടയിലെ രജതരേഖപോലെ ഞാൻ സൂചിപ്പിക്കുകയാണ് താരതമ്യേന ഇൻഡ്യയിലെ മറ്റ് സംസ്കൃത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായിട്ടുള്ള റാങ്കിംഗിൽ നമ്മൾ മേലെയാണ്. കാമശിവരാജ്സിംഗ് സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റി ദർഭംഗ, മിഥില ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സാൻസ്ക്രിറ്റ്, വാരണാസി സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റി, കാശി വിദ്യാപീഠ്, വിശ്വേശ്വരാനന്ദ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സാൻസ്ക്രിറ്റ് ആന്റ് എന്റോളജി സ്റ്റഡീസ്, ലാൽ ബഹദൂർ ശാസ്ത്രി സാൻസ്ക്രിറ്റ് വിദ്യാലയ എന്നിവയാണ് ഇൻഡ്യയിലെ പ്രധാനപ്പെട്ട മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ദേശീയതലത്തിൽ അംഗീകാരമുള്ളതാണ്. നമ്മുടെ യൂണിവേഴ്സിറ്റിക്ക് എന്തെല്ലാം പരിമിതികളുണ്ടെങ്കിലും താരതമ്യേന മറ്റുള്ളവയെ അപേക്ഷിച്ച് മെച്ചപ്പെട്ട സ്ഥിതിയിൽ നിൽക്കുകയാണ്. എങ്കിൽപ്പോലും ധാരാളം കാര്യങ്ങൾ ഇനിയും ചെയ്യാനുണ്ട്. മെമ്പർമാരെല്ലാവരും പറഞ്ഞിട്ടുള്ള കാര്യങ്ങളും ശരിയാണ്. ഞാൻ ഇവിടെ ആദ്യം സൂചിപ്പിച്ചത് ഇപ്പോൾ സംസ്കൃതത്തെ നമുക്ക് ജനകീയമായി, ജനങ്ങൾക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്നവിധത്തിൽ ഉയർത്തിക്കൊണ്ട് വരണം. എല്ലാ സംസ്കാരങ്ങളേയും ഉൾക്കൊള്ളാൻ കഴിയുന്ന പഠന കേന്ദ്രം ആക്കി മാറ്റിയെടുക്കുകയാണ് ചെയ്യേണ്ടത്. ഡോ. കെ. എം. ജോർജ്ജ് വളരെ പ്രഗൽഭനായ സംസ്കൃത പണ്ഡിതനാണ്. സാൻസ്ക്രിറ്റിൽ ദ്രവീഡിയൻ ലാംഗ്വേജ് എന്നു പറയുന്ന അദ്ദേഹത്തിന്റെ ഏറ്റവും വലിയ പുസ്തകത്തിൽ അവതാരിക എഴുതിയത് ശ്രീ. അയ്യപ്പപ്പണിക്കരാണ്. ശ്രീ. പണിക്കർ, കെ.എം. ജോർജ്ജ് എഴുതിയ പുസ്തകത്തിന് അവതാരിക എഴുതിയ സമയത്ത് പറഞ്ഞു ഡോ. കെ. എം. ജോർജ്ജ് ചെയ്ത ഏറ്റവും വലിയ സംഭാവന എന്നു പറയുന്നത് സംസ്കൃതത്തെ ദേവ ഭാഷ എന്നതിൽ ഉപരിയായി മനുഷ്യ ഭാഷ എന്നുള്ള നിലയിൽ കാണാൻ ഡോ. കെ. എം. ജോർജ്ജിന് സാധിച്ചു. ശ്രീ. പണിക്കരുടെ വാക്കുകൾ വളരെ വിലപ്പെട്ടതാണ്. ഞാൻ ചൂണ്ടിക്കാണിച്ചത് വളരെ വൈവിദ്ധ്യ സംസ്കാരങ്ങളെ ഉൾക്കൊള്ളാൻ കഴിയുന്ന അവയെയെല്ലാംതന്നെ താലോലിക്കാൻ കഴിയുന്ന .....

<u>ശ്രീ. മത്തായി ചാക്കോ:</u> അങ്ങ് സംസ്കൃത ഭാഷയുടെ പ്രാധാന്യം പറയുന്നത് മനസ്സിലായി. ഞങ്ങളും അതിന്റെ പ്രാധാന്യമാണ് പറഞ്ഞത്, മറുവശം പറഞ്ഞില്ല. ഇൻഡ്യയുടെ സംസ്കാരത്തിലും അതുപോലെ തന്നെ ഭാരത സംസ്കാരത്തിലും "ശൂദ്രം അക്ഷര സംയുക്തേ ദൂരതേ പരിവർജ്ജയേ" എന്നുള്ള വാക്യമുണ്ട്. അക്ഷരം പഠിച്ച ശൂദ്രനെ ദൂരെ മാറ്റി നിർത്തണം എന്നു പറയുന്നതാണിത്. സംസ്കൃതം

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷിക്കുന്നതിനും സാധാരണ ജനങ്ങൾക്ക് വേദവും വിജ്ഞാനവും എത്തിക്കുന്നതിനും തടസ്സമായിട്ടുള്ള ഘട്ടത്തിൽ ഈ സംസ്കൃത ഭാഷയെ ഉപയോഗപ്പെടുത്തിയിരുന്നുവെന്നുള്ള സത്യം കൂടി ഇത് പരിഗണിക്കുമ്പോൾ പരിശോധിക്കേണ്ടതാണ്.

<u>ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:</u> വിജ്ഞാനം ആർജ്ജിക്കാൻ ശ്രമിക്കുന്ന ശൂദ്രന്റെ ചെവിയിൽ ഈയം ഉരുക്കി ഒഴിക്കണമെന്നുള്ള സിദ്ധാന്തം പറഞ്ഞിട്ടുള്ള ഒരു കാലഘട്ടത്തിൽനിന്ന് വ്യത്യസ്തമായ, ഇവിടെ ശ്രീ. രാധാകൃഷ്ണനും മറ്റ് ആളുകളും ചൂണ്ടിക്കാണിച്ചതു പോലെ, എസ്.സി./എസ്.ടി. വിഭാഗത്തിലെ അടക്കമുള്ള ആളുകളെ യൂണിവേഴ്സിറ്റിയുടെ ഭരണസാരഥ്യത്തിൽ എത്തിക്കാൻ കഴിഞ്ഞു എന്നുള്ള കാര്യത്തിൽ ചരിത്രം ഇവിടെ തിരുത്തൽ ശക്തിയായി മാറുകയാണ്. നല്ല കാര്യമാണ് അങ്ങ് സൂചിപ്പിച്ചത്. അതുതന്നെയാണ് വൈസ് ചാൻസിലറുടെ കാലിറ്റിയും. ജാതിപരമായ കാരണങ്ങളാൽ ചരിത്രത്തിൽ പ്രാന്തവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിൽനിന്ന് ഒരാൾ അതിന്റെ നേതൃത്വത്തിലേക്ക് വന്നു. അങ്ങനെ വരട്ടെ; മാറ്റങ്ങൾ വരട്ടെ; ഞാൻ പറഞ്ഞുകൊണ്ട് വരുന്നത് ഈ നിയമം പാസ്സായി വരുന്നതോടുകൂടി അൽഭുതങ്ങൾ സൃഷ്ടിക്കുമെന്നൊന്നും ഞാൻ പറയുന്നില്ല. ഈ നിയമം പാസ്സായി വരുന്നതോടുകൂടി ഇവിടെ സൂചിപ്പിച്ചതുപോലെ എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകൾക്കും ഇതിന്റെ ഭരണസാരഥ്യത്തിലേക്ക് വരാൻ കഴിയും. വലിയ അഡ്വൈസറി കമ്മിറ്റി നമുക്ക് വേണ്ട. പരമാവധി ആവശ്യമില്ലാത്ത പോസ്റ്റുകൾ കുറയ്ക്കുകയാണ്. ഈ നിയമം പാസായാൽ സാലറീഡായിട്ടുള്ള 6 ഡിൻമാർ ഇനി ഉണ്ടാവില്ല. അത്രയും ഭാരം കുറയ്ക്കുകയല്ലേ? ശ്രീ. മത്തായി ചാക്കോ പറഞ്ഞത് ശരിയാണ് ഇതിന്റെ സെന്റർ എന്നുപറയുന്ന പയ്യന്നൂർ, കൊയിലാണ്ടി, തിരൂർ, തൃശ്ശൂർ, ഏറ്റുമാനൂർ ഇവിടെയൊക്കെ വലിയ പ്രശ്നങ്ങളുണ്ട്. ഇതൊക്കെ നന്നാക്കിയെടുക്കാൻ പറ്റുന്ന വിധത്തിലുള്ള സാമ്പത്തിക ഭാരം കുറയ്ക്കുകയാണ്. യു.ജി.സി. യുടെ സഹായം കിട്ടിയാൽ ശോചനീയാവസ്ഥയ്ക്കൊക്കെ പരിഹാരം ഉണ്ടാക്കാൻ നമുക്ക് കഴിയും. ഇവിടെ സൂചിപ്പിച്ച മറ്റു കാര്യങ്ങൾ, രാഷ്ട്രീയ കാര്യങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. യൂണിവേഴ്സിറ്റിക്ക് നേതൃത്വം കൊടുത്ത ആ കാലഘട്ടത്തിലെ ആളുകളുടെ കോൺട്രിബ്യൂഷൻ നമുക്കുണ്ട്. അതിന്റെ ഗുണം നമുക്കുണ്ട്; പോരായ്മകൾ തിരുത്തണം. ഇനി വേണമെങ്കിൽ നമുക്ക് ആലോചിച്ച് കൂടുതലെന്തെങ്കിലും കാര്യങ്ങൾ ചെയ്യാനുണ്ടെങ്കിൽ അത് ചെയ്യാം. ശ്രീ. രാധാകൃഷ്ണൻ കഴിഞ്ഞ പ്രാവശ്യം പറഞ്ഞു കലാമണ്ഡലത്തിന് ഒരു സ്വതന്ത്ര യൂണിവേഴ്സിറ്റി പദവി നൽകുന്ന കാര്യം. ഞാൻ അത് മിനിസ്റ്ററുമായിട്ട് ആലോചിച്ച് അതിനപ്പറ്റി പറയാം. ഖണ്ഡിതമായിട്ട് പറയാൻ പറ്റില്ല. ഇത്തരം സ്ഥാപനങ്ങൾക്ക് സ്വതന്ത്രമായി വളരാനും വികസിക്കാനുമുള്ള അവസരം കൊടുത്താൽ നന്നായി വളർന്നു വരും. ഇതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് തുഞ്ചൻ പറമ്പ്. ഇത് എന്റെ മണ്ഡലത്തിലാണ്.

1995-ലാണ് എം.ടി.യെ കൊണ്ടുവന്ന് തുഞ്ചൻ പറമ്പിന്റെ നേതൃത്വം
7.00 P.M.] ഏൽപിച്ചത്. സ്വതന്ത്രസ്വഭാവത്തിൽ ഇത് വളരാൻ അനുവദിച്ചപ്പോൾ അത് ഭാഷാ സ്നേഹികളുടെ തീർത്ഥാടന കേന്ദ്രമായി മാറിയിട്ടുണ്ട്. അതുപോലെ ഇത്തരം ചില സ്ഥാപനങ്ങളെ സാംസ്കാരിക കേന്ദ്രങ്ങളിലെ ഡിപ്പാർട്ട്മെന്റിന്റെ പിടിയിൽ പിടിച്ചുനിർത്തുന്നതിന് പകരം ഭാഷാ സ്നേഹികളെ, നമ്മുടെ സംസ്കൃതിയെ

LIBRARY ARCHIVES Kerala Legislative Assembly

വാരി പുണരാൻ ആഗ്രഹിക്കുന്നവരെ എല്ലാം അങ്ങ് ഏൽപ്പിച്ച് നല്ല നിലയിൽ വിട്ടുകൊടുത്താൽ അത് നല്ല നിലയിൽ വളർന്നു വരും എന്ന കാര്യത്തിൽ തർക്കമില്ല. അത്തരം കാര്യങ്ങളിൽ വളരെ ഗൗരവമായി ആലോചിച്ചിട്ട് നമുക്ക് തീരുമാനം എടുക്കാവുന്നതാണ്. ഏതായാലും ഇതിൽ ഒരു ദുരുദ്ദേശവുമില്ല. പോരായ്മ, രണ്ടു ദശാബ്ദ കാലത്തിന് ശേഷം നിയമം വന്നു. ഈ ഒരു ദശാബ്ദ കാലത്തിനുശേഷം ഈ പറയുന്ന ചില മൗലികമായ മാറ്റങ്ങളും പല പരിഷ്കാരങ്ങളും വരുന്നു. ആ നല്ല ഉദ്ദേശം വച്ചുകൊണ്ട് ഇത് പാസ്സാക്കി തരുന്ന കാര്യത്തിൽ clause by clause discussion അടക്കം പരിപൂർണ്ണമായി സഹകരിക്കണമെന്നാണ് ആമുഖമായി എനിക്ക് പറയാനുള്ളത്.

മി. ചെയർമാൻ: ശ്രീ. ബി. വിജയകുമാർ അവതരിപ്പിച്ച 1(എ) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ബി. വിജയകുമാർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

മി. ചെയർമാൻ: ശ്രീ. സി. ടി. അഹമ്മദ്അലി അവതരിപ്പിച്ച 2(ബി) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. സി. ടി. അഹമ്മദ്അലി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

മി. ചെയർമാൻ: സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

മി. ചെയർമാൻ: ശ്രീ. പിരപ്പൻകോട് മുരളിക്ക് ഒരു പേഴ്സണൽ എക്സ്പ്ലനേഷന് അനുമതി കൊടുത്തിരിക്കുന്നു.

വ്യക്തിപരമായ വിശദീകരണം

ശ്രീ. പിരപ്പൻകോട് മുരളി. സർ, ബഹുമാനപ്പെട്ട ബി. വിജയകുമാറിന്റെ പ്രസംഗത്തിൽ ഞാനുമായി ബന്ധപ്പെട്ട 2 അടിസ്ഥാനരഹിതമായ ആക്ഷേപങ്ങൾ അദ്ദേഹം ഉന്നയിച്ചു. ഒന്ന് ബഹുമാനപ്പെട്ട കാർത്തികേയന്റെ ഭാര്യയടക്കമുള്ളവരെ ഞാനടങ്ങുന്ന സിൻഡിക്കേറ്റ് രാഷ്ട്രീയ പ്രേരിതമായി പിരിച്ചുവിട്ടുവെന്നാണ്. അതിന് സത്യവുമായി പുലബന്ധംപോലുമില്ല. വസ്തുത കാർത്തികേയനോട് ചോദിച്ചാൽ മതിയായിരുന്നു. മുൻ വൈസ് ചാൻസലറായിരുന്ന ശ്രീ. ആർ. രാമചന്ദ്രൻ നായരുടെ കാലത്ത് ക്രമരഹിതമായി നടത്തിയ നിയമനങ്ങൾ ഹൈക്കോടതിയാണ് റദ്ദ് ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly

ആ സംഭവം ഞാൻ സിൻഡിക്കേറ്റിൽ വരുന്നതിന് മുൻപാണ്. രണ്ട്. യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റുമാരുടെ നിയമനം നടത്തുന്നത് I.M.G. തന്ന ഷോർട്ട് ലിസ്റ്റിലെ റാങ്ക് അനുസരിച്ചാണ്. ഇന്റർവ്യൂപോലും നടത്തിയിട്ടില്ല. അപേക്ഷകളുടെ മെറിറ്റ് നിശ്ചയിക്കുന്നത് I.M.G. അല്ലാതെ പിന്നെ K.P.C.C. നിശ്ചയിക്കണമോ എന്നെനിക്കറിയില്ല. ഏതായാലും I.M.G.-യാൽ മെറിറ്റ് നിശ്ചയിക്കാൻ അയച്ച അപേക്ഷകൾ തിരിച്ചുവന്നപ്പോൾ 280 എണ്ണം കൂടിയെന്നാണ് അദ്ദേഹത്തിന്റെ ആക്ഷേപം. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്കൊരഭ്യർത്ഥനയുണ്ട്. രേഖകൾ എല്ലാം അവിടെയുണ്ട്. വസ്തുതകൾ ശേഖരിച്ച് അതിന്റെ യഥാർത്ഥ വിവരം സഭയിൽ റിപ്പോർട്ട് ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, I raise a point of order. Rule 307 അനുസരിച്ച് അത് expunge ചെയ്യണം. അദ്ദേഹത്തിന് personal explanation നടത്താൻ അവകാശമുണ്ട്. ആ personal explanation-ൽ മറ്റ് വ്യക്തികളെ ഇതുപോലെത്തെ പരാമർശനം പാടില്ല. അദ്ദേഹം K. P. C. C. എന്ന് പരാമർശിച്ചത് വളരെ ദുരുദ്ദേശ പരമായാണ്. അതുകൊണ്ട് K. P. C. C., A. K. G. Centre എന്നൊന്നും പറയാൻ പാടുള്ളതല്ല.

.....ബഹളം.....

മി. ചെയർമാൻ: അദ്ദേഹം പിൻവലിക്കുന്നു.....ബഹളം.....

.....ബഹളം.....

ശ്രീ. എം. വി. ജയരാജൻ: ശ്രീ. പിരപ്പൻകോട് മുരളി പറഞ്ഞിട്ടുള്ള പരീക്ഷ നടത്താൻ K. P. C. C.-യെ ഏൽപ്പിക്കണോ എന്നതിൽ ഒരു unparliamentary വാക്കുമില്ല. unparliamentary വാക്ക് ഇവിടെ പറഞ്ഞത് ശ്രീ. വിജയകുമാറാണ്. അങ്ങനെ വന്നാൽ വിജയ കുമാർ ഇവിടെ പറഞ്ഞ unparliamentary വാക്കുകൾ എല്ലാം നീക്കം ചെയ്യണം.....ബഹളം.....

Mr. Chairman: Sri. Vijayakumar, Please resume.

2-ാം വകുപ്പ്

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഞാൻ എന്റെ 86-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുകയാണ്.

(86) Delete clause 2(a) and retain the original provision in the section 2(f) of the Sree Sankaracharya University of Sanskrit Act, 1994.

പ്രിൻസിപ്പൽ ആക്ടിൽ വരുത്തുന്ന ഭേദഗതികളിൽ Section 2-മായി ബന്ധപ്പെട്ട രണ്ടു ഭേദഗതികളാണ് വരുന്നത്. ഒന്ന് Section 2-ലെ clause (f) omit ചെയ്യുന്നു. രണ്ട്, Section 2-ലെ clause (m) omit ചെയ്യുന്നു. ഒന്നിനും, രണ്ടിനും യഥാക്രമം 'a' എന്നും 'b' എന്നും നമ്പർ ഇട്ടിരിക്കുകയും ചെയ്യുന്നു. ഇതിൽ ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്ന നിയമത്തിലെ 'a' എന്ന നമ്പർ ഇട്ടിരിക്കുന്ന clause (f) shall be omitted. അത് delete ചെയ്യണം. അപ്രകാരം delete ചെയ്തിട്ട് Principal Act-ലെ 2(എഫ്) എന്നത് നിലനിർത്തണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. ആദിശങ്കരന്റെ നാമധേയത്തിലുള്ള സംസ്കൃത സർവ്വകലാശാലയിൽ വിശ്വോത്തരമാനം അവകാശപ്പെടാവുന്ന സംസ്കൃത പണ്ഡിത സാന്നിദ്ധ്യത്തിലൂടെ സർവ്വകലാശാലയുടെ തന്നെ പദവി ഉയർത്തുക എന്നുള്ളതാണ് ലക്ഷ്യം. ഈ ഭേദഗതി ദയാപൂർവ്വം അംഗീകരിക്കണം എന്നഭ്യർത്ഥിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ എന്റെ 91-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(91) Delete sub-clause (b) of clause 2 and section 2(m) of the Sree Sankaracharya University of Sanskrit Act, 1994 shall be retained.

Principal Dean-നെ ഒഴിവാക്കാനുള്ള ഭേദഗതി ഉപേക്ഷിക്കണം എന്നതാണ് ഞാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ എന്റെ 97-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(97) Clause (m) in section 2 of the Principal Act proposed to be omitted by sub-clause (b) of clause 2 may be recast as follows:—

"(m) Principal Dean of Studies means the Principal Dean of Studies of the University appointed in rotation".

അതുപോലെ തന്നെ Controller of Examinations-ന് ഉണ്ടായിരുന്ന academic and administrative duty ആയിരുന്നു ഈ Principal Dean-നും perform ചെയ്തിട്ടുള്ളത്. അതുകൊണ്ട് 'as such' അത് നിലനിർത്തണം.

മി. ചെയർമാൻ: 92 മുതൽ 96 വരെയുള്ള ഭേദഗതികൾ 91-ന് തുല്യമായതിനാൽ ആ ഭേദഗതികൾ അവതരിപ്പിക്കേണ്ട ആവശ്യമില്ല.

ശ്രീ. ബി. വിജയകുമാർ: സർ, സംസ്കൃതം ഒരു കാലഘട്ടത്തിൽ വരേണ്യ വർഗ്ഗത്തിന്റെ ഭാഷയായിരുന്നുവെന്ന് ഇവിടെ പറഞ്ഞു. 1846-ൽ കോട്ടയത്ത് മാന്നാനത്ത് ചാവറയച്ചൻ, വിദ്യാഭ്യാസ മംഗത്ത് പ്രസിദ്ധനായ അദ്ദേഹം ആദ്യമായി സ്ഥാപിച്ചത് സംസ്കൃത സ്കൂളാണ്. അന്നും ജാതിമതഭേദമെന്യേ സംസ്കൃതത്തെ അംഗീകരിച്ചിരുന്നു. .....ബഹളം.....

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, പ്രൊഫ. സാവിത്രി ലക്ഷ്മണന്റെ 86-ാം നമ്പർ ഭേദഗതി ശ്രീ. പി. ജെ. ജോയിയുടെ 87, ശ്രീമതി. പി. കെ. ശ്രീമതി ടീച്ചറിന്റെ 88, ശ്രീ. ബി. വിജയകുമാറിന്റെ 90 ഇതെല്ലാം ഐഡന്റിക്കലാണ്. ഇതെല്ലാ ഭേദഗതികളും ഒരേ സ്വഭാവത്തിൽ അംഗീകരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : ബഹുമാനപ്പെട്ട മിനിസ്റ്റർ ഐഡന്റിക്കലാണെങ്കിൽ ഏതെങ്കിലും ഒരു ഭേദഗതി അംഗീകരിച്ചാൽ മതി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : പ്രൊഫ. സാവിത്രി ലക്ഷ്മണന്റെ 86-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 86-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 91-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 97-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

മി. ചെയർമാൻ: 98 മുതൽ 103 വരെയുള്ള വകുപ്പ് നീക്കം ചെയ്യാനുള്ളതായതിനാൽ അവ ക്രമാനുസൃതമല്ല. 106, 105-ന് തുല്യം.

ശ്രീ. എം. വി. ജയരാജൻ: സർ, 104, 105 എന്നീ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(104). In Section 3 (1) of the principal Act proposed to be amended by clause 3 the words "Comptroller of Examination" shall be substituted for the words "the Principal Dean of Studies".

(105). In Section 3 (1) of the principal Act proposed to be amended by clause 3 shall be recast as follows:

"3. The University

(1) The Chancellor, the Pro-Chancellor, the Vice-Chancellor, the Principal Dean of Studies, the Chief Counsellor and the members of the Syndicate and the Academic Council shall constitute a body corporate by the name "Sree Sankaracharya University of Sanskrit"."

Principal Dean എന്നുള്ളത് നീക്കം ചെയ്യുക എന്നുള്ളതാണ് എന്റെ ഭേദഗതി. പക്ഷേ Comptroller of Examinations എന്നത് ഏതു സർവ്വകലാശാലയ്ക്കും പ്രധാനപ്പെട്ട ഒരു തസ്തികയാണ്. അതുകൊണ്ട് Principal Dean എന്നതിനുപകരം Comptroller of Examinations എന്ന് substitute ചെയ്ത് അംഗീകരിക്കാവുന്ന കാര്യമേയുള്ളൂ എന്നാണ് എനിക്ക് തോന്നുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, Principal Dean of Studies ഒഴിവാക്കുകയാണ്. Comptroller of Examinations-ന് ഇതിൽ ചാർജ് കൊടുത്താൽ മതി. അതിൽ കുഴപ്പമില്ല. ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എം. വി. ജയരാജൻ: Comptroller of Examinations എന്നു പറയുന്നത് delegate ചെയ്ത ആളെ ഏല്പിക്കണം. അല്ലാതെ അരിക്കച്ചവടക്കാരൻ ബീരാൻകുട്ടിയെ ഏല്പിക്കാമോ?

മി. ചെയർമാൻ: അത് അംഗീകരിക്കുന്നില്ല എന്ന് പറഞ്ഞല്ലോ....(ബഹളം).....

ശ്രീ. ബി. വിജയകുമാർ: സർ, A point of order. അരിക്കച്ചവടക്കാരൻ എന്നുപറഞ്ഞിട്ട് നേരെ പറഞ്ഞത് മുഹമ്മദിന്റെ പേരാണ്. ഇത് ദുഃസ്സൂചനയാണ്. അത് പറ്റില്ല.

ബീരാൻകുട്ടി എന്നുപറയുന്നത് തെറ്റാണ്. അത് പിൻവലിക്കണം. അതൊരു സമുദായത്തെ ആക്ഷേപിക്കുന്നതാണ്. അത് രേഖയിൽ കാണാൻ പാടില്ല..... (ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീ. എം. വി. ജയരാജൻ അരിക്കച്ചവടക്കാരൻ മുഹമ്മദ് എന്ന് പറഞ്ഞതിനോടാണ് അദ്ദേഹത്തിന് ആക്ഷേപകരമായി തോന്നുന്നത്. അത് അരിക്കച്ചവടക്കാരൻ വിജയകുമാർ എന്ന് ആക്കിയാലും മതി.....(ബഹളം).....

മി. ചെയർമാൻ: Please resume..... ഇത്തരം കാര്യങ്ങളൊന്നും ഈ clause by clause ..... ചർച്ചയിൽ പറയേണ്ടതല്ല.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 104, 105 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു. 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ശ്രീ. എം. വി. ജയരാജൻ: സർ, 112-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(112) Section 10 of the principal Act proposed to be amended by clause 4 shall be recast as follows:

"10. The Chief Counsellor—An eminent Sanskrit Scholor having international reputation shall be nominated by the government as the Chief Councellor of the University, who shall be the honorary Chief Advisor of the University."

LIBRARY ARCHIVES Kerala Legislative Assembly

അതിൽ Chief Counsellor എന്നുള്ളതിന് ഒരു ഡഫനിഷൻ കൊടുക്കുക എന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. .The Chief Counsellor—An eminent Sanskrit Scholor having international reputation shall be nominated by the government as the Chief Councellor of the University, who shall be the honorary Chief Advisor of the University."

ഏതാനും അക്കാഡമിക് പണ്ഡിതന്മാരെ യൂണിവേഴ്സിറ്റിയുടെ തലപ്പത്ത് കൊണ്ടുവരണമെന്നുള്ള അങ്ങയുടെ ആഗ്രഹം കൂടി കണക്കിലെടുത്തുകൊണ്ട് വന്നിട്ടുള്ള ഭേദഗതിയാണിത്.

മി. ചെയർമാൻ: 107 മുതൽ 111 വരെയുള്ള ഭേദഗതികൾ വകുപ്പ് നീക്കം ചെയ്യാനുള്ളതായതിനാൽ അത് ക്രമാനുസൃതമല്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, അത് ക്രമാനുസൃതമാണ്. ബഹുമാനപ്പെട്ട മന്ത്രി അംഗീകരിച്ചുകഴിഞ്ഞ സ്ഥിതിക്ക് എന്റെ 111-ാം നമ്പർ ഭേദഗതി delete clause 4 in the amended Act and retain the original provision എന്നുള്ളത് അംഗീകരിച്ചേ പറ്റൂ. അതുകൊണ്ടാണ് പറയുന്നത്.

മി. ചെയർമാൻ: ഇതിൽ ഭേദഗതി മൂവ് ചെയ്യേണ്ട ആവശ്യമില്ല. വകുപ്പ് നീക്കം ചെയ്യുക എന്നുള്ളത് ക്രമാനുസൃതമല്ലാത്തതിനാൽ ഭേദഗതി മൂവ് ചെയ്യാൻ അനുവദിക്കുന്നില്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: ഇത് സാങ്കേതിക പ്രശ്നമാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, നേരത്തെ Chief Counsellor എന്നത് അംഗീകരിക്കാമെന്നുവച്ചാൽ ക്ലാസ് 10 അതാണ്. Chief Counsellor, original provision in the Act.

അന്താരാഷ്ട്ര പ്രശസ്തിയുള്ള ഒരു ഉന്നത സംസ്കൃതപണ്ഡിതനെ സർവ്വകലാശാലയുടെ Chief Counsellor ആയി സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്. Chief Counsellor ആയിരിക്കണം സർവ്വകലാശാലയുടെ മുഖ്യ ഓണററി ഉപദേഷ്ടാവ്. അപ്പോൾ Chief Counsellor എന്നുള്ളത് അംഗീകരിച്ചുകഴിഞ്ഞാൽ സ്വാഭാവികമായും ക്ലാസ് 10 അതിന്റെ പാർട്ട് ആയിട്ടുവരണം. അതുകൊണ്ട് അത് അംഗീകരിക്കണം, അംഗീകരിച്ചാൽ മാത്രമേ അത് പൂർത്തിയാവുകയുള്ളൂ.

മി. ചെയർമാൻ: ഇത് റൂൾ പ്രകാരം ക്രമാനുസൃതമല്ല. മിനിസ്റ്റർ ഇപ്പോൾ അംഗീകരിക്കാമെന്നു പറയുകയാണെങ്കിൽ അത് നോക്കാമെന്നേയുള്ളൂ. ഓറലായി മിനിസ്റ്റർ അവതരിപ്പിച്ചാൽ മതി.

ശ്രീ. വി. ഡി. സതീശൻ: സർ, ഇതുമായി ബന്ധപ്പെട്ട് ഒരുകാര്യം പറയാനുണ്ട്. ഇത് ക്രമാനുസൃതമല്ലെന്നു പറയുന്നത് ശരിയല്ല. Shakthar and Kawl-ൽ ഇത് വളരെ ക്ലിയറായി പറയുന്നുണ്ട്. clause delete ചെയ്യണമെന്നുപറഞ്ഞ് അത് മൂവ് ചെയ്യാം. ഇവിടെ എല്ലാ പ്രാവശ്യവും ഇത് പറയുകയാണ്, അത് ശരിയല്ല.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ: സർ, 113-ാം നമ്പർ ഭേദഗതി ഞാൻ മൂവ് ചെയ്യുന്നു.

(113) In Section 10 of the Principal Act proposed to be omitted by clause 4 add the following section (4).

"(4) An advisory Council appointed by the University with eminent personalities in sanskrit language and literature may be nominated by the Government". ഇതിൽ ഞാൻ പ്രൊപ്പോസ് ചെയ്യുന്നത് Chief Counsellor എന്നുപറയുന്ന പോസ്റ്റ് abolish ചെയ്യണമെന്നുള്ള നിലയിലാണ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. അതിനുപകരം നേരത്തേ ഇവിടെ സൂചിപ്പിച്ചതുപോലെ അവിടെ നിയമിക്കപ്പെട്ടിട്ടുള്ള പ്രധാനപ്പെട്ട ഉദ്യോഗസ്ഥർക്കുപുറമെ കേരളത്തിലും നമ്മുടെ രാജ്യത്തിലും ജീവിച്ചിരിക്കുന്ന പ്രശസ്തരായ സംസ്കൃത പണ്ഡിതന്മാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു Advisory Council രൂപീകരിക്കണമെന്നുള്ള ഭേദഗതിയാണ് ഇതിന്റെ ഭാഗമായി അവതരിപ്പിക്കുന്നത്. An advisory Council appointed by the University with eminent personalities in sanskrit language and literature may be nominated by the Government.

മി. ചെയർമാൻ: മന്ത്രിയുടെ oral amendment അവതരിപ്പിക്കാം. വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, Delete Clause '4' എന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു. ഇത് Principal Act-ൽ ക്ളാസ് 10 തിരിച്ചുവരുന്നതാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

ശ്രീ. ടി. കെ. ബാലൻ: സർ, 114-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(114) Delete sub-clause (a) (i) of clause 5. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, 115-ാം നമ്പർ ഭേദഗതി ഞാൻ മൂവ് ചെയ്യുന്നു.

(115) Delete sub-clause (a) (ii) of clause 5.

ശ്രീ. എം. വി. ജയരാജൻ: സർ, 116, 134, 140 എന്നീ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(116) In Section 12 of the principal Act proposed to be amended by clause 5 (a) (i) in item (ii) delete the words coming after the words "Higher Education Department"

(134) In Section 12 of the principal Act proposed to be amended by clause 5 (b) the item (i), (ii) and (iii) shall be deleted and (iv) shall be recast as follows:

"(iv) Five Deans from five different faculties nominated by the Chancellor".

(140) In Section 12 of the principal Act proposed to be amended by clause 5, after sub clause (b) the following shall be added as sub clause (c).

"(c) The following members are to be elected by the Senete under heading "Senete Elected Members".

"(i) Two eminent scholars representing Sanskrit, Indology, Indian Philosophy and any of the Indian Language for a period of four years at a time;

(ii) Three eminent academicians or reputed teachers of the University or affiliated Colleges in the State who have made significant contribution to the field of arts, education, management or social science for a period of four years at a time, of whom one shall be a woman and one shall be a member of Scheduled Caste or a Scheduled Tribe;

(iii) One teacher of the University for a period of four years at a time".

ശ്രീ. കെ. സി. ജോസഫ്: പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവരുടെ ഭേദഗതി അവതരിപ്പിച്ചപ്പോൾ സമ്മതിച്ചില്ല, പിന്നെ ഇതെങ്ങനെയാണ്?

ശ്രീ. എം. വി. ജയരാജൻ: പ്രൊഫ. സാവിത്രി ലക്ഷ്മണൻ പറഞ്ഞത് ഒരു ക്ലാസ് മുഴുവൻ മാറ്റുന്നതാണ്. ഇത് സബ്ക്ലാസ് ആണ്. ഇവിടെയൊരു കീഴ്വഴക്കമുണ്ട്. രാവിലെ സ്പീക്കർ ഒരു റൂളിംഗ് നൽകിയത് ഇവിടെ എടുത്തുകൊണ്ടിരിക്കുന്ന കീഴ്വഴക്കങ്ങൾ ശരിയല്ലെന്നു പറഞ്ഞുകൊണ്ടാണ്. നമ്മൾ ആ റൂളിംഗിനെ എതിർക്കുന്നില്ല. ഇപ്പോൾ നിങ്ങൾ കീഴ്വഴക്കം വേണ്ടെന്നു പറയുന്നു. ഇതിൽ ഏതാണ് ശരി? അവർ അവതരിപ്പിച്ചത് ഒരു ക്ലാസ് മുഴുവൻ മാറ്റുന്നതിനാണ്. ഇത് സബ്ക്ലാസ് ആണ്. ഇതുരണ്ടും രണ്ടാണ്. ഭേദഗതി 116-ൽ ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിലെ പ്രിൻസിപ്പൽ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനോ എന്നതാണ് പറയുന്നത്. ഇന്നത്തെ നിലയിൽ നിങ്ങൾ സിൻഡിക്കേറ്റിലെ ആകെ നമ്പറും കുറച്ചിരിക്കുകയാണ്. പിന്നെ delegate ചെയ്തിട്ടുള്ള ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ പോകുന്നത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിനെ പ്രതിനിധീകരിച്ച് അതിന്റെ പ്രിൻസിപ്പൽ സെക്രട്ടറിതന്നെ പോകണമെന്നുള്ളതാണ് എന്റെ 116-ാം നമ്പർ ഭേദഗതി. ഭേദഗതി 134 സംസ്കൃത സർവ്വകലാശാലയിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്നതു സംബന്ധിച്ചാണ്. അവിടെയുള്ള Principal Dean-നെ മാത്രമാണ് ഒഴിവാക്കിയിട്ടുള്ളത്. 5 ഡീന്മാർ അവിടെയുണ്ട്. അവരെ ഈ സിൻഡിക്കേറ്റിൽ എടുക്കുന്നതിൽ ഒരു തകരാറുമില്ല. അത് അക്കാഡമിക് നിലവാരം മെച്ചപ്പെടുത്താൻ ഉപകരിക്കുന്നതാണ്. ഇപ്പോൾ ഒരാൾ മാത്രമേയുള്ളു, 5 പേരെ എടുക്കണമെന്നുള്ളതാണ് എന്റെ നിർദ്ദേശം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, 117, 131, 133 എന്നീ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(117) In Section 12 of the principal Act proposed to be amended by clause 5(a) (i) in item (ii) for the words "Not below the rank of a Deputy Secretary, nominated by him "substitute the words" not below the rank of a Joint Secretary to Government nominated by Government".

(131) In clause 5(b) of the Sreesankaracharya University of Sanskrit Act, 1994 delete the amendment proposal to item (iii) and (iv).

(133) In Section 12 of the principal Act proposed to be amended by clause 5(b) the item (iii) and (iv) shall be recast as follows:—"(iii) one teacher of the University elected from among the teachers of the University.

(iv) One dean of faculty elected from among the Deans of the University".

ഇതുവരെ ഇതിന്റെ സിൻഡിക്കേറ്റിൽ Secretary to Government Higher Education ആണ് ഉണ്ടായിരുന്നത്. ഇപ്പോൾ അതുമാറ്റി ഡെപ്യൂട്ടി സെക്രട്ടറി റാങ്കിലുള്ള ഒരാളെ നോമിനേറ്റ് ചെയ്യാമെന്നാണ് പറയുന്നത്. ഈ ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിയിൽ ഗവൺമെന്റിന് അവിശ്വാസമുള്ളതുകൊണ്ടാണോ ഇത്തരത്തിലുള്ള ഡെപ്യൂട്ടി സെക്രട്ടറി വേണമെന്ന് തീരുമാനിച്ചത്. അങ്ങനെയാണെങ്കിൽ എന്തിനാണ് ഡെപ്യൂട്ടി സെക്രട്ടറിയെ ആക്കുന്നത്. ധാരാളം ജോയിന്റ് സെക്രട്ടറിമാർ നമ്മുടെ സെക്രട്ടേറിയേറ്റിൽ ഉണ്ടല്ലോ. ജോയിന്റ് സെക്രട്ടറിയെ ആക്കിക്കൂടെ. ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിയെ മാറ്റി ഡെപ്യൂട്ടി സെക്രട്ടറിയാക്കുന്നതിന് പിന്നിൽ എന്തെങ്കിലും ദുരുദ്ദേശമുണ്ടോ. ഇപ്പോഴത്തെ ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിയിൽ അവിശ്വാസമുള്ളതുകൊണ്ടാണോ? അങ്ങനെ അവിശ്വാസമുണ്ടെങ്കിൽ ഒരു ജോയിന്റ് സെക്രട്ടറി ആയിക്കോട്ടെ എന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. മുസ്ലീംലീഗിൽ ഡെപ്യൂട്ടി സെക്രട്ടറിയാക്കാൻ പറ്റിയ ഒരാളുണ്ട്. അതുകൊണ്ടായിരിക്കും ഡെപ്യൂട്ടി സെക്രട്ടറി വേണമെന്ന് ഗവൺമെന്റ് ഉദ്ദേശിച്ചത്. മറ്റൊന്ന് (131)-ൽ പറയുവാനുള്ളത് ഇപ്പോൾ Principal dean of faculty -യേയും faculty dean-നേയും സിൻഡിക്കേറ്റിൽ നിന്ന് ഒഴിവാക്കേണ്ടതാണ് എന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോയി: സെക്രട്ടറി ഇല്ലെങ്കിൽ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ആൾ. സെക്രട്ടറിയാണ് ശരിക്ക് മെമ്പർ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അങ്ങനെയാണെങ്കിൽ ഇത്രയുംകാലം സെക്രട്ടറി തന്നെയായിരുന്നല്ലോ ഇതിനകത്തുണ്ടായിരുന്നത്. ഇപ്പോൾ എന്താണ് ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നത്. ശ്രീ. പി. ജെ. ജോയി സിൻഡിക്കേറ്റ് മെമ്പറാണ്. അദ്ദേഹത്തെ പിടിക്കാൻ പറ്റുന്ന ഒരു ഡെപ്യൂട്ടി സെക്രട്ടറിയെ നിയമിക്കാൻ വേണ്ടി ഉദ്ദേശിക്കുന്നുണ്ടായിരിക്കും. 133-ാമത്തെ ഭേദഗതിയെക്കുറിച്ച് പറയുവാനുള്ളത് സിൻഡിക്കേറ്റിലേയ്ക്ക് അദ്ധ്യാപക പ്രതിനിധിയെ നോമിനേറ്റ് ചെയ്യാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. നോമിനേഷൻ വേണ്ട. അദ്ധ്യാപകരുടെ ഇടയിൽ നിന്ന് ഒരാളെ തെരഞ്ഞെടുത്താൽ മതി. അതാണ് നമ്മുടെ മറ്റെല്ലാ യൂണിവേഴ്സിറ്റികളിലുമുള്ളത്. അതിന് നോമിനേഷൻ സിസ്റ്റം ശരിയല്ലെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

മി. ചെയർമാൻ : 120 മുതൽ 123 വരെയുള്ളത് 119-ന് തുല്യമാണ്.

ശ്രീ. മത്തായി ചാക്കോ : സർ, 124, 132 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(124) In Section 12 of the principal Act proposed to be amended by clause 5(a) (i) the item (ii) shall be recast as follows:—

"(ii) Higher Education Secretary or an Additional Secretary nominated by him".

(132) Under the heading "Nominated Members" of section 12 of the Sreesankaracharya University of Sanskrit Act, 1994 proposed to be amended by clause 5(b), the entries in (iii) and (iv) shall be recast as follows:

"(iii) Principal Dean, Studies:

(iv) The Dean Faculties".

124-നെക്കുറിച്ച് എനിക്ക് പറയുവാനുള്ളത് ഡെപ്യൂട്ടി സെക്രട്ടറിക്ക് പകരം അഡീഷണൽ സെക്രട്ടറി മതി എന്നുള്ളതാണ്. ശ്രീ. പി. ജെ. ജോയി പറഞ്ഞത് ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിയേയാണ്. അതിൽ തർക്കമൊന്നുമില്ല. ഹയർ എഡ്യൂക്കേഷൻ സെക്രട്ടറി ഇല്ലെങ്കിൽ ഡെപ്യൂട്ടി സെക്രട്ടറി വേണമെന്നില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിക്ക് പകരം വയ്ക്കുന്ന ആൾ എന്തിനാണ് ഡെപ്യൂട്ടി സെക്രട്ടറിയാകുന്നത് ജോയിന്റ് സെക്രട്ടറിയായാൽ പോരെയെന്നാണ് ചോദിച്ചത്. സാധാരണഗതിയിൽ സിൻഡിക്കേറ്റിലേയ്ക്ക് വരുമ്പോൾ അഡീഷണൽ സെക്രട്ടറിമാരാണ് വരുന്നത്. അപ്പോൾ ഹയർ എഡ്യൂക്കേഷൻ സെക്രട്ടറി ഇല്ലെങ്കിൽ അഡീഷണൽ സെക്രട്ടറി വരട്ടെ. രണ്ടാമത്തെ ഭേദഗതി നോമിനേറ്റഡ് മെമ്പേഴ്സ് എന്നുള്ളതിൽ Principal dean of Studies-ഉം അതുപോലെതന്നെ faculty-കളുടെ dean-കളും വരണം എന്നുള്ളതാണ്. ഫാക്കൽറ്റികളുടെ ഡീൻ ഇപ്പോൾ ശമ്പളക്കാർ ആയിട്ടുള്ള ഡീൻ എന്നുള്ളതിനു പകരം പുറമെ നിന്നും നോമിനേറ്റഡ് ചെയ്തിട്ടുള്ള ആളുകൾ എന്ന നിലയ്ക്ക് വരുമ്പോൾ അവരെക്കൂടി ഉൾപ്പെടുത്തണമെന്നുള്ളതാണ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. മോഹനൻ : സർ, 125, 126 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(125) In Section 12 of the principal Act proposed to be amended by clause 5(a) the item (iv) shall be retained.

(126) In Section 12 of the Principal Act proposed to be amended by clause 5(b) (i) after indology insert "Astrology."

126-ൽ പറയുവാനുള്ളത് അസ്ട്രോളജിയിൽ പാണ്ഡിത്യമുള്ള ആളെക്കൂടി ഉൾപ്പെടുത്തണമെന്നുള്ളതാണ്.

ശ്രീ. കെ.വി. കുഞ്ഞിരാമൻ : സർ, 127, 129 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(127) In Section 12 of the principal Act proposed to be amended by clause 5(b) (i) for the words Indian Languages, insert the words "especially Malayalam and Tamil".

(129) In Section 12 of the principal Act proposed to be amended by clause 5(b) (ii) after the words "field of arts" inserted the word "culture".

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ 128-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(128) In Section 12 of the principal Act proposed to be amended by clause 5(b) (i) shall be recast as follows;

(i) Five eminent scholars respectively two persons from Sanskrit and one each from Indology, Indian philosophy and any of the Indian Languages, nominated by the Chancellor for a period of four years at a time.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, 130,135 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(130) In Section 12 of the principal Act proposed to be amended by clause 5(b) in item (ii) substitute the words "Vice Chancellor" instead of government.

(135) In Section 12 of the principal Act proposed to be amended by clause 5(b) (iii) substitute the word "Vice Chancellor" instead of "Government".

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : ഈ ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല. സെക്രട്ടറിക്ക് എല്ലായിടത്തും പോകാൻ കഴിയില്ല. അതുകൊണ്ട് അഡീഷണൽ സെക്രട്ടറി എന്നൊക്കെ പറഞ്ഞത് പ്രായോഗികമല്ല.

ശ്രീ. ടി. കെ.ബാലൻ അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. ജയരാജൻ അവതരിപ്പിച്ച 116, 134, 140 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 117, 131, 133 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 124, 132 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 125, 126 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 127, 129 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 130, 135 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

ശ്രീ. എം. വി. ജയരാജൻ : സർ, 141, 143 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(141) In Section 15(2) of the principal Act proposed to be amended by clause 6(a) for the words "one third" substitute the word "half".

(143) In Section 15 of the principal Act,—

a. In sub-section (2) proposed to be amended by clause 6 (a) for the words "one third" the words "two fifth" shall be substituted.

b. In sub-section (3) proposed to be amended by clause 6(b) the words "Comptroller of Examination" shall be substituted for the words "the Principal Dean of Studies" and the words "and in the absence of both shall be omitted" shall be deleted.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, 144-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(144) In Section 15(2) of the principal Act proposed to be amended by clause 6(a) shall be recast as follows:

LIBRARY ARCHIVES Kerala Legislative Assembly

"(2) the quorum for a meeting of the syndicate shall be 2/5 of the effective strength of the members".

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 141, 143 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 144-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

ശ്രീ. എം. വി. ജയരാജൻ : സർ, 145-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(145) In Section 18(3) of the principal Act proposed to be amended by clause 8 substitute the words "Comptrolier of Examination" for the words "the Principal Dean of studies".

എനിക്ക് ഒരു കാര്യം അങ്ങയോട് സൂചിപ്പിക്കുവാനുള്ളത് അങ്ങ് ഇപ്പോൾ ക്ലാസ് ബൈ ക്ലാസ് ഡിസ്കഷനിൽ അങ്ങ് നേരത്തെ കൊണ്ടുവരാത്ത ഒരു അമെന്റുമെന്റ് ഇപ്പോൾ ഓറലായിട്ട് അവതരിപ്പിച്ച് സഭ അംഗീകരിച്ചു കഴിഞ്ഞു. അതുപ്രകാരം Chief Councellor എന്നുപറയുന്ന പോസ്റ്റ് പുനസ്ഥാപിക്കുകയാണ്. അങ്ങ് ഇവിടെ കഴിഞ്ഞ ദിവസം ഓർഡിനൻസ് കൊണ്ടുവരാൻ ഇടയായ അടിയന്തിര സാഹചര്യം വിവരിച്ചുകൊണ്ട് ഒരു കാര്യം പറയുകയുണ്ടായി. അതിൽ പറഞ്ഞിട്ടുള്ളത് യൂണിവേഴ്സിറ്റിയുടെ നിർദ്ദേശമനുസരിച്ച് സർവ്വകലാശാലയുടെ ഘടനയിൽ ചില മാറ്റങ്ങൾ വരുത്തേണ്ടിയിരിക്കുന്നു. അപ്രകാരം മാറ്റങ്ങൾ വരുത്തുമ്പോൾ Chief Councellor, Principal Dean എന്നീ തസ്തികകൾ യൂണിവേഴ്സിറ്റിയിൽ വേണ്ടെന്ന് വയ്ക്കേണ്ടിയിരിക്കുകയാണ് എന്നാണ്. അങ്ങനെ പറഞ്ഞിട്ട് ഒരു ബിൽ കൊണ്ടുവന്ന് ഒരു തസ്തിക പുനഃസ്ഥാപിക്കുകയാണ്. ഇത് അങ്ങയുടെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യലല്ലേ. യൂണിവേഴ്സിറ്റിയുടെ മേൽ പഴി ചാരിക്കൊണ്ട് ഒരു നിയമം നടത്തുകയല്ലേ. അതുകൊണ്ട് 145-ാം ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഞാൻ അങ്ങയോട് വീണ്ടും ആവർത്തിക്കുന്നത് Comptroller of Examination എന്നുപറയുന്നത് ഏത് യൂണിവേഴ്സിറ്റിക്കും ഏറ്റവും പ്രധാനപ്പെട്ട ഒരു പോസ്റ്റാണ്. ഒരു യൂണിവേഴ്സിറ്റിയുടെ പരീക്ഷാ നടത്തിപ്പ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഏതെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഉദ്യോഗസ്ഥന് പവർ ഡെലിഗേറ്റ് ചെയ്തുകൊണ്ട് എൽപ്പിക്കാൻ പറ്റുന്ന ഒന്നല്ല. അതുകൊണ്ട് ഞാൻ അഭ്യർത്ഥിക്കുകയാണ് Principal Dean നിങ്ങൾ വേണ്ടെന്നു വയ്ക്കുന്നു പോട്ടെ പക്ഷെ Comptroller of Examination എന്നു പറയുന്ന ഒരു തസ്തിക സർവ്വകലാശാലയുടെ പുരോഗതിക്ക് അത്യന്താപേക്ഷിതമാണെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : സർ, ഭേദഗതി അംഗീകരിക്കുന്നില്ല. ഒരു വിശദീകരണം പറയാം. ഇപ്പോൾ തീരുമാനിച്ചത് എന്താണെന്നു വച്ചാൽ Principal Dean of Studies എന്നുള്ളത് ഒഴിവാക്കി Chief Councellor എന്നുള്ള പോസ്റ്റ് പുനസ്ഥാപിക്കുകയെന്നുള്ളതാണ്. Chief Councellor എന്നുള്ള പോസ്റ്റ് ഇവിടെ അംഗീകരിക്കുന്നു എന്നുമാത്രമേയുള്ളു. ഇത്രയുംകാലം വരെ ആ പോസ്റ്റ് അവിടെ ഉണ്ടായിരുന്നു. ആ പോസ്റ്റിൽ ഒരാളെ വച്ചിട്ടില്ല. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ ഇൻഡ്യയിലും വിദേശത്തും പ്രഗൽഭനായ ഒരാളെ വയ്ക്കേണ്ടി വന്നാൽ അതിനുള്ള enabling provision അവിടെ വച്ചിരിക്കുകയാണ്. അതുമാത്രമേ ഇതിലുള്ളു. Comptroller of Examinations എന്ന പോസ്റ്റ് വരാത്തതിൽ ആർക്കും ആശങ്ക വേണ്ട. കാരണം മറ്റേതെല്ലാം അഫിലിയേറ്റഡ് യൂണിവേഴ്സിറ്റികളാണ്. നൂറുകൂട്ടം പരീക്ഷ നടത്താനുള്ളതാണ്. അതുകൊണ്ട് ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 145-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു. 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(146) In section 20(3) of the principal Act proposed to be amended by clause 9 the words "Comptroller of Examination" shall be substituted for the words "Principal Dean of Studies".

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): ഭേദഗതി അംഗീകരിക്കുന്നില്ല. ചീഫ് കൗൺസിൽ എന്ന പോസ്റ്റ് ഈ നിയമത്തിൽ നേരത്തെ ഉണ്ടായിരുന്നു. പക്ഷേ ഈ പോസ്റ്റിലേയ്ക്ക് നിയമം പാസാക്കിയാലും ആളെ വച്ചുകൊള്ളണമെന്നില്ല. അപ്പോൾ ഒരു ഘട്ടത്തിൽ ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും അംഗീകാരമുള്ള ഒരാളെ ചീഫ് കൗൺസിലേയ്ക്ക് വയ്ക്കേണ്ടി വന്നാലുള്ള Enabling provision നിലനിൽക്കുന്നു എന്ന് മാത്രമേയുള്ളു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 146-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

10-ാം വകുപ്പ്

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11-ാം വകുപ്പ്

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

12-ാം വകുപ്പ്

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

13-ാം വകുപ്പ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

(151) Section 27 of the principal Act proposed to be omitted by clause 13 shall be recast as follows :—

"27. Controller of Examinations

(1) The Controller of Examinations shall be an all time salaried officer of the University and shall be appointed by the Chancellor on the advice of the Vice-Chancellor.

(2) The qualification for, and salary and allowances payable to the Controller of Examinations shall be such as may be prescribed by the statutes.

(3) The Controller of Examinations shall be responsible for the proper guidance, control and supervision of the examinations".

ഇവിടെ Principal Dean of Studies സർവ്വകലാശാലയിൽ ഇല്ലാത്തതോടുകൂടി പരീക്ഷാ നടത്തിപ്പിന്റെ ചുമതല ആർക്ക് എന്നുള്ള പ്രശ്നം വളരെ പ്രസക്തമായിരിക്കുകയാണ്. ആർക്കെങ്കിലും ചുമതല ഏൽപ്പിക്കണമെന്നാണ് പറയുന്നത്. ആർക്ക് ചുമതല ഏൽപ്പിക്കുമെന്നുള്ളത് വ്യക്തമല്ല. അതുകൊണ്ട് നിയമത്തിനകത്ത് ഒരു വ്യവസ്ഥ വേണം. സർവ്വകലാശാലയുടെ പ്രധാനമായിട്ടുള്ള ഉത്തരവാദിത്വമാണ് പരീക്ഷാ നടത്തിപ്പ് എന്ന് പറയുന്നത്. അതുകൊണ്ട് Controller of Examinations. എന്ന് പറയുന്ന പോസ്റ്റ് ഉണ്ടാക്കി പരീക്ഷാ നടത്തിപ്പിന്റെ ചുമതല അദ്ദേഹത്തെ ഏൽപ്പിക്കണം എന്ന ഉദ്ദേശത്തോടുകൂടിയുള്ളതാണ് എന്റെ 151-മത്തെ ഭേദഗതി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : ഭേദഗതി സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

14-ാം വകുപ്പ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(152) In section 29 (1) of the principal Act, substituted by clause 14 after the word "Chancellor" the words "on the basis of rotation and" shall be inserted.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(154) In section 29 (2) of the principal Act proposed to be amended by clause 14 omit the words "or affiliated colleges" after the words "the Universities".

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 152-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

15 മുതൽ 20 വരെയുള്ള വകുപ്പുകൾ

15 മുതൽ 20 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15 മുതൽ 20 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : 2005-ലെ ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ പാസാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) :സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഈ ഭേദഗതിബില്ലിനെ ഞാൻ ശക്തമായി എതിർക്കുകയാണ്. ഇവിടെ യഥാർത്ഥത്തിൽ ഇത് കൊണ്ടുവന്നതിന്റെ ഉദ്ദേശം മന്ത്രിയുടെ ഇപ്പോഴത്തെ നടപടിയോടുകൂടി വ്യക്തമായി. ഇത്തരത്തിൽ ഒരു ബിൽ കൊണ്ടുവരാൻവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് സർവ്വകലാശാലയിലെ ഘടനയിൽ മാറ്റം വരുത്തി രൂപീകരിക്കേണ്ടത് ആവശ്യമാണ് എന്നാണ്. 1994-ലെ ശ്രീശങ്കരാചാര്യ സർവ്വകലാശാല ആക്ടിൽ ആവശ്യമായ പരിഷ്ക്കാരങ്ങൾ വരുത്തണമെന്നും അങ്ങനെ പരിഷ്ക്കാരങ്ങൾ വരുത്തിയാൽ മാത്രമേ യു.ജി.സി.യുടെ ധനസഹായം ലഭിക്കുകയുള്ളൂ എന്നുമാണ് അദ്ദേഹം പറഞ്ഞത്. അതിൽ രണ്ട് കാര്യങ്ങളാണ് അദ്ദേഹം ചൂണ്ടിക്കാട്ടിയത്. യു.ജി.സി.യുടെ ധനസഹായം ലഭിക്കുന്നതിനുവേണ്ടി പറഞ്ഞ ഒരു കാര്യം Principal Dean of Studies-എന്ന പോസ്റ്റ് ഒഴിവാക്കണം. പിന്നെ Chief Counsellor -ടെയും തസ്തിക ഇല്ലാതാക്കണം. ഈ രണ്ട് തസ്തിക ഇല്ലാതാക്കിയാലേ യു.ജി.സി.യുടെ ധനസഹായം കിട്ടുകയുള്ളൂ. എന്ന് പറഞ്ഞുകൊണ്ടാണ് ഈ ബിൽ അദ്ദേഹം ഇവിടെ അവതരിപ്പിച്ചത്. ഇന്ന് ചർച്ചയ്ക്കിടയിൽ അദ്ദേഹം Chief Counsellor എന്ന തസ്തിക പുനഃസ്ഥാപിക്കാൻവേണ്ടി തീരുമാനിച്ചു. രണ്ട് കാര്യങ്ങൾ പറഞ്ഞുകൊണ്ട് വന്ന ബില്ലിൽ ഒരു കാര്യം അദ്ദേഹത്തിന് തന്നെ വിഴുങ്ങേണ്ടി വന്നു. യഥാർത്ഥത്തിൽ ഇപ്പോൾ Principal Dean of Studies എന്ന പോസ്റ്റ് മാത്രമാണ് ഒഴിവാക്കുന്നത്. Chief Counsellor എന്ന പോസ്റ്റ് നിലനിർത്തുകയാണ് ഇപ്പോൾ ചെയ്യുന്നത്. യഥാർത്ഥത്തിൽ മന്ത്രി നിയമസഭയെ കബളിപ്പിക്കുകയാണ് ചെയ്യുന്നത്. മന്ത്രിയുടെ ഉദ്ദേശം Principal Dean of Studies എന്ന് തസ്തിക ഇല്ലാതാക്കലോ Chief Counsellor -ന്റെ തസ്തിക ഇല്ലാതാക്കലോ അല്ല. ഈ പേര് പറഞ്ഞുകൊണ്ട് ഗവൺമെന്റിന് ഇഷ്ടമുള്ള കുറച്ച് ആളുകളെ സിൻഡിക്കേറ്റിലേയ്ക്ക് തിരുകി കയറ്റുകയാണ്. അതിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഒരു ബില്ലാണിത്. സിൻഡിക്കേറ്റിൽ ഗവൺമെന്റിന് താൽപ്പര്യമുള്ള ചിലരെ തിരുകി കയറ്റിക്കൊണ്ട് മന്ത്രിക്കും ശിൽബന്ധികൾക്കും ഉള്ള കാര്യങ്ങൾ നടത്തിക്കൊണ്ടുപോവുക എന്ന ഉദ്ദേശം മാത്രമായിരുന്നു ഈ ബിൽ കൊണ്ടുവന്നതിന്റെ പിന്നിലുള്ള ലക്ഷ്യം. അതിനുവേണ്ടി ഇപ്പോൾ ഇത്തരത്തിലുള്ള ന്യായങ്ങൾ പറയേണ്ട കാര്യം ഉണ്ടായിരുന്നില്ല. ഇത് തന്നെ പറഞ്ഞു കൊണ്ട് അദ്ദേഹത്തിന് ബിൽ കൊണ്ടു വരാമായിരുന്നു. ശരിക്കും എന്തു കാര്യത്തിനുവേണ്ടിയാണോ ഈ ബിൽ കൊണ്ടുവരും എന്ന് പറഞ്ഞത്, ഈ ചർച്ചയ്ക്കിടയിൽ നിന്നും അദ്ദേഹം ഇപ്പോൾ പിൻവലിയാൻ തയ്യാറായിരിക്കുകയാണ്. ഇതുതന്നെ ദുരുദ്ദേശത്തോടുകൂടി കൊണ്ടുവന്ന ബില്ലാണ്. അവിടെ അദ്ധ്യാപക പ്രതിനിധികളെ നോമിനേറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. നമ്മുടെ ജനാധിപത്യ രീതിയിലുള്ള സർവ്വകലാശാല സങ്കൽപ്പം അട്ടിമറിച്ചുകൊണ്ട് നോമിനേറ്റഡ്

LIBRARY ARCHIVES Kerala Legislative Assembly

ബോഡിയാക്കി മാറ്റി സർവ്വകലാശാലയുടെ ജനാധിപത്യ രീതിയിലുള്ള പ്രവർത്തനത്തെ ഇല്ലാതാക്കുക എന്നുള്ളതാണ് ഇതുവഴി ഗവൺമെന്റ് ഉദ്ദേശിക്കുന്നത് എന്ന കാര്യം വ്യക്തമായിക്കഴിഞ്ഞിരിക്കുകയാണ്. അതുപോലെതന്നെ സർവ്വകലാശാല സമിതിയിലേയ്ക്ക് വിദ്യാർത്ഥികൾക്ക് പ്രാതിനിധ്യം കൊടുക്കുന്നതിൽ ഗവൺമെന്റ് സന്നദ്ധമായിട്ടില്ല. ഇത്തരത്തിൽ ഈ ബിൽ കൊണ്ടുവരുന്നതിനുവേണ്ടി വന്ന ദുരുദ്ദേശം ഈ ചർച്ചയോടുകൂടി വ്യക്തമായിക്കഴിഞ്ഞിരിക്കുകയാണ്. സർവ്വകലാശാല മര്യാദയ്ക്ക് നടത്തുക എന്നുള്ളതല്ല ഗവൺമെന്റിന്റെ ഉദ്ദേശം. അതിന് ആവശ്യമായ യാതൊരു ക്രിയാത്മകമായ കാര്യവും ഈ ബില്ലിനകത്ത് ഉൾക്കൊള്ളിച്ചിട്ടില്ല. യഥാർത്ഥത്തിൽ സമഗ്രമായ ഒരു നിയമം ഈ സർവ്വകലാശാലയെ സംബന്ധിച്ച് കൊണ്ടുവരുകയാണ് വേണ്ടിയിരുന്നത്. ധൃതിപിടിച്ച് കുറച്ച് ആളുകളെ സിൻഡിക്കേറ്റിൽ തിരുകി കയറ്റാൻവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിനെ ഞാൻ ശക്തമായി എതിർക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : സർ, ഇതിൽ തെറ്റിദ്ധാരണ പരത്താൻ ശ്രമിക്കുകയാണ്. Principal Dean of Studies എന്നുള്ള പോസ്റ്റും Chief Counsellor എന്നുള്ള പോസ്റ്റും ഒഴിവാക്കിയാലേ യു.ജി.സി.-യുടെ സഹായം കിട്ടുകയുള്ളു എന്ന് ഞാൻ പറഞ്ഞിട്ടില്ല. എന്തിനാണ് നിയമം എന്ന് പറഞ്ഞിട്ടുണ്ട്. സംസ്കൃത യൂണിവേഴ്സിറ്റിക്ക് യു.ജി.സി.-യുടെ സഹായം കിട്ടിയിട്ടില്ല. അത് കിട്ടാൻവേണ്ടിയുള്ള കാര്യങ്ങൾ ചെയ്യണം എന്നല്ലാതെ ഇത് രണ്ടും ഒഴിവാക്കിയാലേ കിട്ടുകയുള്ളു എന്ന് ഞാൻ പറഞ്ഞിട്ടില്ല. രണ്ടാമത് മറ്റൊരു കാര്യം മനസ്സിലാക്കേണ്ടത് ; The Chief Counsellor—An eminent Sanskrit Scholor having international reputation shall be nominated by the Government as the Chief Councellor of the University, who shall be the honorary Chief Advisor of the University എന്നാണ്. എന്താണ് സംഭവിക്കാൻ പോകുന്നത്. (ബഹളം.....) അങ്ങനെയാണെങ്കിൽ അസംബ്ലിയിൽ ഒറിജിനൽ ബിൽ മതി. ക്ലാസ് ബൈ ക്ലാസും നിങ്ങളുടെയൊക്കെ ബുദ്ധിയും ഉപയോഗിച്ചിട്ട് മാറ്റം വേണ്ടെന്നാണോ പറയുന്നത്? എന്റെ ജോലി എന്ന് പറയുന്നത് collective wisdom of the floor ആണ്. നിങ്ങളുടെ എല്ലാപേരുടേയും ബുദ്ധിയിൽനിന്ന് ഉരുത്തിരിഞ്ഞ് വരുന്ന കാര്യത്തിനനുസരിച്ച് പരിവർത്തിക്കപ്പെടാൻ ഞാൻ ബാദ്ധ്യസ്ഥനാണ്.

നിങ്ങൾക്ക് ഒരു വിലയും ഇല്ല എന്നാണോ? അമന്റുമെന്റ് വന്നു, അത് ശരിയാണെന്ന് തോന്നി. അത് സ്വീകരിച്ചു. അതിൽ എന്താണ് തെറ്റ്? ഞാൻ ആദ്യം പറഞ്ഞത് തന്നെ ആവർത്തിച്ച് ഒറ്റ വാക്കിൽ പറഞ്ഞ് അവസാനിപ്പിക്കുന്നു. ചർച്ച തുടങ്ങിവച്ച സമയത്ത് ഞാൻ ഒരു കാര്യം പറഞ്ഞു. ഈ ചർച്ച അവസാനിപ്പിച്ചു കൊണ്ട് മഹാത്മജിയുടെ ചിത്രത്തിനുമുൻപിൽ നിന്നുകൊണ്ട് പറയുകയാണ്. ഗാന്ധിജിയുടെ സങ്കൽപ്പം എന്താണ്, ഇൻഡ്യ എങ്ങനെയാണ്, ഇൻഡ്യൻ സാഹചര്യം എങ്ങനെയാണ് എന്നതിനെക്കുറിച്ച് മഹാത്മജി പറഞ്ഞ് ഒറ്റ വാക്ക് ഉദ്ധരിച്ചുകൊണ്ട് അവസാനിപ്പിച്ചാൽ ഇനി എന്താണ് ഞങ്ങൾ ഉദ്ദേശിച്ചതെന്ന് പൂർണ്ണമായി നിങ്ങൾക്ക് മനസ്സിലാകും എന്ന് എനിക്ക് തോന്നുകയാണ്. ഗാന്ധിജി ഒരിക്കൽ പറഞ്ഞു. "I do not want my house to be walled in on all sides and my windows to be stuffed ;

LIBRARY ARCHIVES Kerala Legislative Assembly

I want the cultures of all land to be blown into my house as freely as possible. But I refused to be blown off by any". "എന്റെ വേനത്തിന്റെ ചുറ്റുമതിലുകൾ കെട്ടിപ്പൊക്കുന്നതിന്റെയും ജാലകങ്ങൾ അത്രയും അടച്ചു പൂട്ടുന്നതിന്റെയും ആവശ്യമില്ല. എല്ലാ നാടിന്റേയും സംസ്ക്കാരങ്ങൾ സാധിക്കുന്നത്ര സ്വതന്ത്രമായി എന്റെ വേനത്തിലുള്ളിലേയ്ക്ക് പ്രവഹിക്കട്ടെ. പക്ഷേ ഒന്നിനോടൊപ്പവും പറന്നുപോകാൻ ഞാൻ സമ്മതിക്കില്ല". ഗാന്ധിജിയുടെ വാക്ക് എത്രയോ അർത്ഥപൂർണ്ണമാണ്. അതുകൊണ്ട് നമ്മുടെ ലോകത്തിന്റെ വിവിധ ഭാഗത്തുനിന്നുള്ള സംസ്കാരങ്ങൾ ഇങ്ങോട്ട് കൊണ്ടുവരാനും പഠിക്കാനും താരതമ്യപഠനം നടത്താനും ഇൻഡ്യൻ ഭാഷകൾ തമ്മിലുള്ള താരതമ്യപഠനം നടത്താനും ഇത് ഒരു വേദിയാണ്. ഏതെല്ലാം സംസ്കാരങ്ങൾ ഇങ്ങോട്ട് വന്നാൽപോലും ഈ നാടിന്റെ മണമുള്ള സംസ്കാരം, ഭാരതത്തിന്റെ സംസ്കാരം ആരുടെ കൂടെയും പറന്നുപോകാൻ സമ്മതിക്കാത്ത വിധത്തിലുള്ള ഒരു സംവിധാനമായിട്ടാണ് ഈ സംസ്കൃത യൂണിവേഴ്സിറ്റിയെ ഉദ്ദേശിക്കുന്നത്. ഈ നിയമം എല്ലാവരും നല്ല മനസ്സോടുകൂടി പാസാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

മി. ചെയർമാൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ പാസാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെ പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ–42

1 ശ്രീ. സി. ടി. അഹമ്മദ് അലി
2 ,, എൻ. ഡി. അപ്പച്ചൻ
3 ,, കെ. ബാബു
4 ,, ബാബു ദിവാകരൻ
5 ,, ഡൊമനിക് പ്രസന്റേഷൻ
6 ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
7 ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
8 ശ്രീ. ഉമ്മൻചാണ്ടി
9 ,, എം. കെ. പോൾസൺ മാസ്റ്റർ
10 ,, വക്കം ബി. പുരുഷോത്തമൻ

LIBRARY ARCHIVES Kerala Legislative Assembly

11 ശ്രീ. കെ. സി. ജോസഫ്
12 ,, ജോസഫ് എം. പുതുശ്ശേരി
13 ,, പി. ജെ. ജോയി
14 ,, വർക്കല കഹാർ
15 ,, ജി. കാർത്തികേയൻ
16 ,, കെ. എൻ. എ. ഖാദർ
17 ,, ലൂഡി ലൂയിസ്
18 ,, ഇ. ടി. മുഹമ്മദ് ബഷീർ
19 ,, കെ. മോഹൻകുമാർ
20 ,, എ. കെ. മണി
21 ,, സി. മോയിൻകുട്ടി
22 ,, ആര്യാടൻ മുഹമ്മദ്
23 പ്രൊഫ. എ. ഡി. മുസ്തഫ
24 ശ്രീ. കെ. നാരായണക്കുറുപ്പ്
25 ,, കെ. കെ, ഷാജു
26 ,, ഷിബു ബേബി ജോൺ
27 ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
28 ശ്രീമതി രാധാ രാഘവൻ
29 ശ്രീ. എം. വി. രാഘവൻ
30 ,, യു. സി. രാമൻ
31 ,, തമ്പാനൂർ രവി
32 ,, എൻ. ശക്തൻ
33 ശ്രീമതി മാലേത്ത് സരളാദേവി
34 ശ്രീ. വി. ഡി. സതീശൻ
35 പ്രൊഫ. സാവിത്രി ലക്ഷ്മണൻ
36 ശ്രീ. ഡി. സുഗതൻ
37 ,, സി. എഫ്. തോമസ്
38 പ്രൊഫ. കെ. വി. തോമസ്
39 ശ്രീ. പി. ടി. തോമസ്
40 ,, തോമസ് ഉണ്ണിയാടൻ
41 ,, എം. എ. വാഹിദ്
42 ,, ബി. വിജയകുമാർ

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ-25

1 ശ്രീ. എ. എ. അസീസ്
2 ,, കോടിയേരി ബാലകൃഷ്ണൻ
3 ,, എ. കെ. ബാലൻ
4 ,, ടി. കെ. ബാലൻ
5 ,, വി. കെ. ചന്ദ്രൻ
6 ,, വി. ചെന്താമരാക്ഷൻ
7 ,, ടി. കെ. ദേവകുമാർ
8 ,, പി. സി. ജോർജ്ജ്
9 ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10 ശ്രീ എം. വി. ജയരാജൻ
11 ,, എം. കുമാരൻ
12 ,, കെ. വി. കുഞ്ഞിരാമൻ
13 ,, വി. കെ. സി. മമ്മദ്കോയ
14 ,, മത്തായി ചാക്കോ
15 ,, കെ. പി. മോഹനൻ
16 ,, എ. സി. മൊയ്തീൻ
17 ,, പിരപ്പൻകോട് മുരളി
18 ,, സി. കെ. നാണു
19 ,, കെ. രാധാകൃഷ്ണൻ
20 ,, ടി. പി. രാമകൃഷ്ണൻ
21 ,, സാജുപോൾ
22 ,, കെ. പി. സതീശ് ചന്ദ്രൻ
23 ,, എ. സി. ഷണ്മുഖദാസ്
24 ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
25 ഡോ. തോമസ് ഐസക്ക്

LIBRARY ARCHIVES Kerala Legislative Assembly

നിഷ്പക്ഷത പാലിക്കുന്നവർ-ആരുമില്ല.

മി. ചെയർമാൻ :

അനുകൂലിക്കുന്നവർ : 42

പ്രതികൂലിക്കുന്നവർ : 25

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസായിരിക്കുന്നു.

(4) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. മത്തായി ചാക്കോ : സർ, എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഇത് തീർത്തും അനവസരത്തിലുള്ളതും അനാവശ്യമായിട്ടുള്ളതുമായ ഒരു ബില്ലാണ് എന്നാണ് എനിക്ക് തോന്നുന്നത്. ബില്ലിന്റെ ഉള്ളടക്കത്തിലേയ്ക്ക് കടക്കുന്നതിനുമുൻപ് എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. ബി. വിജയകുമാർ ഇവിടെ പറഞ്ഞ ചില കാര്യങ്ങൾക്ക് മറുപടി പറയാതിരുന്നാൽ രാത്രി ഉറക്കം വരില്ല എന്നതുകൊണ്ട് ഞാൻ പറയുകയാണ്. ഡോ. കെ. എൻ. പണിക്കർ വളരെ നല്ല ആളാണ്, മിടുക്കനാണ്, കൊള്ളാവുന്നവനാണ് എന്നൊക്കെ പറഞ്ഞു. ഡോ. കെ. എൻ. പണിക്കർക്ക് അയോഗ്യതയുണ്ടെന്ന് കണ്ടത് അദ്ദേഹം മാർക്സിസ്റ്റു പാർട്ടിയാണ് എന്നുള്ളതാണ്. ഞാൻ ശ്രീ. വിജയകുമാറിനോട് ചോദിക്കാൻ ആഗ്രഹിക്കുന്നത് നമ്മുടെ പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗ് ഇൻഡ്യാ-പാക്കിസ്ഥാൻ തർക്കത്തിന് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള ചർച്ചയ്ക്കുവേണ്ടി വിളിച്ചു വരുത്തി പാക്കിസ്ഥാനിലേയ്ക്ക് അയച്ചത് ശ്രീ. കെ. എൻ. പണിക്കർക്ക് മോശമാണ് എന്ന് ആക്ഷേപിച്ച ആ മാർക്സിസം, അതിന്റെ പാർട്ടിയായിട്ടുള്ള കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ മാർക്സിസ്റ്റ് പാർട്ടി സെക്രട്ടറി സഖാവ് ഹർകിഷൻസിംഗ് സുർജിത്തിനെയാണ് ഇൻഡ്യാ പാക്കിസ്ഥാൻ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഇൻഡ്യാ ഗവൺമെന്റ് ക്ഷണിച്ചു വരുത്തിയത് എന്നുള്ള കാര്യം നിങ്ങൾ മറക്കണ്ട. ഇവിടെ ആറ് വർഷം ഭരിച്ച ബി.ജെ.പി. ഗവൺമെന്റും ഒന്നേകാൽ കൊല്ലമായി ഭരിക്കുന്ന യു.പി.എ. ഗവൺമെന്റും എത്ര പരിശ്രമിച്ചിട്ടും നടക്കാത്ത രൂപത്തിൽ സഖാവ് സുർജിത്തും സി.പി.ഐ. യുടെ സെക്രട്ടറി സഖാവ് ബർദ്ധനും പോയി മുഷറഫുമായിട്ട് സംസാരിച്ചപ്പോൾ പാക്കിസ്ഥാനിലെ ജയിലുകളിൽ കഴിയുന്ന 200

LIBRARY ARCHIVES Kerala Legislative Assembly